VACHANOLSAVAM Vol - 41 | Issue 348 | SEPTEMBER 2026 | Monthly | Price ₹ 12 | Edappally

വചനോത്സവം

സെപ്റ്റംബർ 2026



പാട്ട്



ഫാ. മാത്യു ഇലവുങ്കൽ VC

സ്നേഹം



സി. മേരി ജിൻസി LSDP


നന്മ



അഡ്വ. ഡോ. ദീപ ജോസഫ്



ഷാജി മാലിപ്പാറ



ഉള്ളടക്കം

3 തുടക്കം
ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.

05 ദൈവപരിപാലനയുടെ തണലിൽ കൃതജ്ഞതയോടെ... പ്രത്യാശയോടെ...
സി. മേരി ജിൻസി സുപ്പീരിയർ ജനറൽ LSDP

09 സമ്പൂർണ്ണമായ് നല്കാൻ
ഫാ.മാത്യു ഇലവുങ്കൽ വി.സി.

12 ജീവിതാന്ത്യം ഓർത്തു നല്ലത് ചെയ്യാം
അഡ്വ. ഡോ. ദീപ ജോസഫ്

14 വിലാപകാലത്തിലെ വീണ്ടുവിചാരങ്ങൾ
കുഞ്ഞുമോൾ ബെന്നി

16 ദൈവത്തിന്റെ കുഞ്ഞ്
സി. സുദീപ സി.എം.സി.

17 തിരുവചനവായന ക്രൈസ്തവന്റെ അന്നവും വെളിച്ചവും
ഫാ. ഡോ. ദേവ് അക്കര കപ്പൂച്ചിൻ

20 പ്രത്യാശയുടെ ഒലിവില
ജിൻസി സന്തോഷ്

22 അമ്മയ്ക്ക് ഒരു പിറന്നാൾ സമ്മാനം
ടി. ദേവപ്രസാദ്

25 ഈശോയോട് ചോദിക്കേണ്ടത്
ഫാ. ഡാനിയേൽ പൂവണ്ണത്തിൽ

26 Luke & Lilly
ഷാജി മാലിപ്പാറ

29 തേൻമൊഴി
ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.

32 Saint Vincent De Paul
Smartin K.Cherian

34 കൊട്ടിക്കലാശം













പ്രിയ വായനക്കാരെ,

വചനോത്സവത്തിൽനിന്നും സ്നേഹാഭിവാദ്യങ്ങൾ!

വചനോത്സവത്തിന്റെ നടത്തിപ്പുകാരായ വിൻസെൻഷ്യൻ സഭയുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ 27-ാംതിയതിയാണ്. തന്റെ പരസ്നേഹ പ്രവർത്തനങ്ങളാൽ സ്വർഗ്ഗത്തിന്റെ മുദ്ര ചാർത്തപ്പെട്ട ആ വിശുദ്ധനെ നാം ആദരിക്കുന്നത് സമാനതകളില്ലാത്ത സ്നേഹ ശുശ്രൂഷയിലൂടെ ശ്രദ്ധേയമായ LSDP എന്ന സന്ന്യാസിനിസമൂഹത്തിന്റെ പ്രവർത്തനങ്ങൾ വായനക്കാർക്ക് പരിചയപ്പെടുത്തിക്കൊണ്ടാണ്. ആയുസ്സിൽ ഒരുവേളയെങ്കിലും അവരുടെ പ്രവർത്തനങ്ങൾ നേരിൽക്കാണാൻ കുടുംബസമേതം പത്തനംതിട്ട ജില്ലയിലെ കുന്നന്താനത്തേക്ക് പോകുന്നത് നമ്മുടെ ആത്മീയതയെ വിലയിരുത്താൻ ഉതകുമെന്നത് ഒരു യാഥാർത്ഥ്യമാണ്.



“പാട്ടുവന്നവഴി”യിൽ ഇത്തവണ പോട്ട ഡിവൈൻ ശുശ്രൂഷകളുടെ അമരക്കാരിലൊരുവനും തന്റെ തന്നെ ഗാനങ്ങളാൽ കരിസ്മാറ്റിക് നവീകരണരംഗത്ത് ഗാനശുശ്രൂഷയ്ക്കും ദൈവാരാധനയ്ക്കും വ്യത്യസ്ത മുഖം നല്കുകയും വചനപ്രഘോഷണത്തേക്കാൾ പ്രബോധനപരവും മാനസാന്തര സാധ്യത തുറക്കുന്നതുമായ നിരവധി ഗാനങ്ങളുടെ രചയിതാവുമായ മാത്യു ഇലവുങ്കൽ അച്ചനാണ്.

വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൊണ്ടും ഏറ്റെടുക്കുന്ന വിഷയങ്ങളുടെ പ്രാധാന്യംകൊണ്ടും സാമൂഹ്യ മാധ്യമശ്രദ്ധ നേടിയ സുപ്രീം കോടതി അഭിഭാഷകയായ ഡോ. ദീപ ജോസഫ് എഴുതിയ ലേഖനം ഈ ലക്കത്തിന്റെ സവിശേഷതയാണ്. തിരക്കിലും പ്രശസ്തിയിലും വിശ്വാസത്തിലോ ധാർമ്മികതയിലോ കുടുംബബന്ധങ്ങളിലോ വെള്ളം ചേർക്കാത്ത ദീപയെപ്പോലുള്ളവരുടെ സാന്നിധ്യം വായനക്കാർക്ക് പ്രചോദനമാകും.

തുടക്കം

വിശുദ്ധരെ പരിചയപ്പെടുത്തുന്ന പംക്തി ചിത്രകഥയായി ചിട്ടപ്പെടുത്തുന്നത് സ്മാർട്ടിൻ എന്ന യുവാവാണ്. ബാലവചനോത്സവം ഇത്തവണമുതൽ നാം കൂടുതൽ മനോഹരമാക്കുന്നു, ബാലസാഹിത്യകാരനും നിരവധി ആത്മീയ ഗ്രന്ഥങ്ങളുടെ രചയിതാവുമായ ഷാജി മാലിപ്പാറയാണ് അത് തയ്യാറാക്കുന്നത്.

വചനോത്സവത്തെ കൂടുതൽ ജീവിതങ്ങളിൽ എത്തിക്കാനും അതുവഴി അനേകർ യേശുവിന്റെ സ്നേഹസന്ദേശം സ്വീകരിക്കുവാനും എല്ലാ വായനക്കാരും പരിശ്രമിക്കണമെന്ന് അപേക്ഷിക്കുന്നു.

ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.
ചീഫ് എഡിറ്റർ



പ്രാർത്ഥന

യേശുവേ ഈ പ്രസിദ്ധീകരണം എനിക്ക് വായിക്കാൻ കിട്ടിയതിനാൽ ഞാൻ അങ്ങേക്ക് നന്ദി പറയുന്നു. മനുഷ്യകരങ്ങളിലൂടെയാണ് ലഭിച്ച തെങ്കിലും അങ്ങു തന്നെയാണ് എനിക്കിത് തന്നയച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. എനിക്ക് ആശ്വാസവും പ്രത്യാശയും പല സംശയങ്ങൾക്കും മറുപടിയും അങ്ങിതിൽ ഒരുക്കി വച്ചിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. ഇത് വായിക്കുന്നത് എനിക്ക് ആത്മീയ ഉണർവ്വിനും കുറച്ചുകൂടി അങ്ങയെ സ്നേഹിക്കാനുള്ള പ്രചോദനത്തിനും കാരണമാകേണമേ.

ഇതിൽ അങ്ങ് എനിക്കായി കരുതിവച്ചിട്ടുള്ള സന്ദേശം വായിച്ചെടുക്കാൻ അങ്ങയുടെ പരിശുദ്ധാത്മാവിനാൽ എന്നെ സഹായിക്കേണമേ. ഇതിലെ സാക്ഷ്യങ്ങൾ ജീവിത പ്രതിസന്ധികളിൽ എനിക്ക് അങ്ങയിൽ മാത്രം ആശ്രയിക്കാനും പരിഹാരം കണ്ടെത്താനും ഇടയാക്കുന്നതാകേണമേ. അനേകർക്ക് ദൈവസ്നേഹവും പ്രത്യാശയും അവ്യക്തതകളിൽ വെളിച്ചവും ലഭിക്കാൻ ഉതകുന്ന വിഭവങ്ങൾ ഇതിൽ ഉൾപ്പെടുത്താൻ ഇത് തയ്യാറാക്കുന്നവരെ അനുഗ്രഹിക്കേണമേ.

മഹത്തായ സുവിശേഷ വേലയായ വചനോത്സവവിതരണത്തിലേക്ക് അനേകരെ കൂട്ടിക്കൊണ്ട് വരേണമേ. അതിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ പ്രതിസന്ധികളിൽ കൂടെ നിൽക്കുകയും പ്രാർത്ഥനകൾ സാധിച്ചു കൊടുക്കുകയും ചെയ്യേണമേ. ധാരാളം ഉദാരമതികളായ ഉപകാരികളെ കൊടുത്ത് ഈ പ്രസ്ഥാനത്തെ നിലനിർത്തുകയും ചെയ്യേണമേ. ആമ്മേൻ.

വചനോത്സവം

വിൻസെൻഷ്യൻ വചനപ്രഘോഷണ പ്രസിദ്ധീകരണം

VOL-41/ ISSUE 348 ₹ 12.00 **സെപ്റ്റംബർ 2026**

പോട്ട - 680 722, ചാലക്കുടി,
തൃശൂർ, കേരള

9496862640, 9447696622
0480-2708314, 0480-2706984

managervachanolsavam@gmail.com
editorvachanolsavam@gmail.com
www.vachanolsavam.com

രക്ഷാധികാരി
റവ. ഡോ. പോൾ പുതുവ വി.സി.

ആത്മീയ നിയന്താവ്
ഫാ. മാത്യു നായ്ക്കംപറമ്പിൽ വി.സി.

ജനറൽ മാനേജർ
ഫാ. ജോസഫ് കൈപ്പടകുന്നേൽ വി.സി.

മാനേജിംഗ് എഡിറ്റർ
ഫാ. തോമസ് മംഗലത്ത് വി.സി.

ചീഫ് എഡിറ്റർ
ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.

എഡിറ്റർ
ഫാ. ജോസഫ് എടാട്ട് വി.സി.

മാനേജർ
ഫാ. പ്രിൻസ് മാഞ്ഞൂരാൻ വി.സി.

സർക്കുലേഷൻ മാനേജർ
ഫാ. ജോർജ് പനയ്ക്കൽ വി.സി.

വരിസംഖ്യ നിരക്കുകൾ

ഒറ്റപ്രതി	₹ 12
ഒരു വർഷത്തേക്ക്	₹ 140
3 വർഷത്തേക്ക് (ഇന്ത്യയിൽ മാത്രം)	₹ 420
വിദേശത്തേക്ക് (ഒരുവർഷം)	₹ 1500

10 മുതൽ 49 വരെയുള്ള കോപ്പികൾക്ക് 11 രൂപ
50 നു മുകളിൽ 10 രൂപ മാത്രം

മാസിക സംബന്ധമായ ഇടപാടുകളും അന്വേഷണങ്ങളും ഓഫീസ് സമയത്ത് (9.30 am-12.30 pm & 1.30 pm - 4.00 pm) മാത്രമായിരിക്കും

സുവിശേഷത്തിന്റെ സന്തോഷവുമായി
പ്രസിദ്ധീകരണത്തിന്റെ
41 – ാം വർഷത്തിൽ

ദൈവപരിപാലനയുടെ തണലിൽ കൃതജ്ഞതയോടെ... പ്രത്യാശയോടെ...



സി. മേരി ജിൻസി സുപ്പീരിയർ ജനറൽ LSDP

നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും (മത്താ 6:33). 'ദൈവപരിപാലനയുടെ ചെറിയ ദാസികൾ' (LSDP) എന്ന സന്യാസ സമൂഹത്തിന്റെ ആരംഭവും വളർച്ചയും ഈ ദൈവവചനത്തിന്റെ മാംസം ധരിക്കലാണ്. ദൈവത്തെ ഒന്നാം സ്ഥാനത്ത് പ്രതിഷ്ഠിച്ച് അവിടുത്തെ പരിപാലനയിൽ മാത്രം ആശ്രയിച്ചുകൊണ്ട് സി. ഡോ. മേരി ലിറ്റി സ്വപ്നം കണ്ട LSDP മനുഷ്യ പരിശ്രമങ്ങളുടെ വിജയഗാഥയല്ല, മറിച്ച് ദൈവത്തിന്റെ വിശ്വസ്തതയുടെ സാക്ഷ്യമാണ്. മദർ ലിറ്റിയിൽനിന്നും കൈമാറിക്കിട്ടിയ ആഴമായ ദൈവാശ്രയവും സഹോദരിമാരുടെ സമർപ്പണവും അനേകം അഭ്യുദയകാംക്ഷികളുടെ പ്രാർത്ഥനയും സഹകരണവുമാണ് സീറോ മലബാർ സഭയുടെ പൈതൃകത്തിലൂടെയുള്ള ഈ സന്യാസസമൂഹത്തിന്റെ പ്രയാണത്തെ സഹായിക്കുന്നത്. ഇവയെല്ലാം സ്മരിക്കുമ്പോൾ ഹൃദയത്തിൽ നിറയുന്നത് ദൈവസ്നേഹവും കൃതജ്ഞതയുമാണ്.

മദർ മേരി ലിറ്റി
ദൈവപരിപാലനയുടെ വിശ്വസ്ത സാക്ഷി

ദൈവപരിപാലനയുടെ താളത്തിനൊത്ത് ചുവടുവയ്ക്കാൻ അനാദിയിലെ ദൈവം തിരഞ്ഞെടുത്തവളാണ് ഈ സന്ന്യാസ സമൂഹത്തിന്റെ സ്ഥാപകയായ മദർ മേരി ലിറ്റി. കോതമംഗലത്തുള്ള മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് (MSJ) എന്ന സന്ന്യാസ സമൂഹാംഗമായിരുന്നു സി. സാവിയോ എന്ന സി. ലിറ്റി. വേദനിക്കുന്ന സഹജീവികൾക്ക് സേവനമനുഷ്ഠിക്കാനുള്ള ഉൾവിളിയും പ്രചോദനവും മിഷൻ തീക്ഷ്ണതയും ബാല്യം മുതലേ ഒരു കനലായി സിസ്റ്റർ സൂക്ഷിച്ചിരുന്നു. വ്രതവാഗ്ദാനത്തിന് ശേഷം ഇറ്റലിയിലേക്ക് വൈദ്യശാസ്ത്രപഠനത്തിനായി അയയ്ക്കപ്പെട്ടു. ഈ സമയത്ത് ടൂറിനിൽ വി. ജോസഫ് കൊത്തൊലെംഗോ സ്ഥാപിച്ച ദൈവപരിപാലനയുടെ ചെറുഭവനം സന്ദർശിച്ച് അവിടെ ശുശ്രൂഷ ചെയ്യുക പതിവായിരുന്നു. സ്ഥിരമായ വരുമാന മാർഗ്ഗങ്ങളോ ഗണ്യമായ വിഭവസമ്പത്തോ ഒന്നുമില്ലാതിരുന്നിട്ടും ദൈവപരിപാലനയിൽ മാത്രം ആശ്രയിച്ച് ആയിരക്കണക്കിന് അഗതികളെ സംരക്ഷിക്കുന്ന ഈ ഭവനം ദൈവരിപാലനയിൽ ആശ്രയിച്ച് ജീവിക്കാൻ സി. ലിറ്റിയെ ഏറെ പ്രചോദിപ്പിച്ചിരുന്നു.

ഇംഗ്ലണ്ട്, അയർലണ്ട്, റോം എന്നിവിടങ്ങളിൽ നിന്നും മെഡിക്കൽ പഠനം പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തിയശേഷം MSJ സന്ന്യാസസമൂഹം നടത്തുന്ന പല ആശുപത്രികളിലും സേവനമനുഷ്ഠിച്ചു. ചെറുപ്പം മുതൽ താൻ ഹൃദയത്തിൽ കാത്തുസൂക്ഷിക്കുകയും, കൊത്തെലെംഗോയുടെ ചൈതന്യത്താൽ വർദ്ധമാനമായിത്തീരുകയും ചെയ്ത പാവങ്ങൾക്കുവേണ്ടി തന്നെത്തന്നെ സമർപ്പിക്കണം എന്ന ദാഹം ശമിപ്പിക്കാൻ ആശുപത്രിയിലെ സേവനങ്ങൾ മതിയാകുന്നില്ലെന്ന് സി. ലിറ്റിക്ക് ബോധ്യപ്പെട്ടു.

ക്രിസ്തുവിന്റെ സ്നേഹത്താൽ പ്രേരിതയായി തന്റെ സമ്പൂർണ്ണജീവിതവും കർമ്മചൈതന്യവും പാവങ്ങളിൽ പാവങ്ങളുടെ പരിചരണത്തിനും ശുശ്രൂഷയ്ക്കും വേണ്ടി ചിലവഴിക്കാനുള്ള അദമ്യമായ ആഗ്രഹത്തെ പ്രസ്തുത സമൂഹത്തിന്റെ അധികാരികളെ അറിയിച്ചു. സഭാസംബന്ധമായ നടപടികൾക്കുശേഷം MSJ സന്ന്യാസ സമൂഹത്തിൽനിന്നും ബഹിർവാസത്തിനുള്ള അനുമതി സി. ലിറ്റിക്ക് ലഭിച്ചു. തുടർന്ന് മല്ലപ്പള്ളിക്കടുത്ത് മുക്കൂറുള്ള ഡോട്ടേഴ്സ് ഓഫ് സെന്റ് ജോസഫ് സന്ന്യാസ സമൂഹത്തിൽ അനാഥരുടെ പരിചരണവും തീക്ഷ്ണമായ പ്രാർത്ഥനയുമായി ചെലവഴിച്ചു. ഈ സമയത്ത് ദൈവപരിപാലനയിൽ മാത്രം ആശ്രയിച്ച് പാവങ്ങൾക്കുവേണ്ടി ജീവിതം സമർപ്പിക്കണമെന്നുള്ള തന്റെ ആഗ്രഹം ചങ്ങനാശ്ശേരി അതിരൂപതയുടെ അന്നത്തെ മെത്രാപ്പോലീത്തയായിരുന്ന അഭിവന്ദ്യ ആന്റണി പടിയറ പിതാവിനെ അറിയിച്ചു. അഭിവന്ദ്യ പിതാവിന്റെ അനുമതിയോടെ കുന്നന്താനം ഇടവക വികാരിയായിരുന്ന ബഹു. ആന്റണി പാറക്കുഴിയച്ചന്റെ സഹായത്താൽ ഓലമേഞ്ഞ, ചാണകം മെഴുകിയ രണ്ട് ചെറിയ മുറികൾ മാത്രമുള്ള ഒരു വാടകവീട്ടിൽ 1978 ജനുവരി 17ന് സ്വന്തമായി ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ കഴിയാത്തതും, മാനസിക വൈകല്യമുള്ളതുമായ ഒരു രോഗിയെ സ്വീകരിച്ചുകൊണ്ട് LSDP സന്ന്യാസ സമൂഹത്തിന്റെ പ്രാരംഭഘട്ടമായ ഒരു ആതുരാലയത്തിന് തുടക്കം കുറിച്ചു.

സന്ന്യാസ സമൂഹാരംഭം

സംരക്ഷിക്കപ്പെടുന്ന മക്കളുടെ എണ്ണം വർദ്ധിച്ചതോടെ അവരെ ശുശ്രൂഷിക്കുവാൻ സമർപ്പിതരായ സഹോദരിമാരുടെ ആവശ്യം മദർ ലിറ്റിക്ക് അനുഭവപ്പെട്ടു. ഈ സമയത്ത് പല പെൺകുട്ടികളും മദർ ലിറ്റിയെ സഹായിക്കാൻ സന്നദ്ധരായി മുന്നോട്ടു വന്നു. ഇക്കാര്യം അഭിവന്ദ്യ ആൻണി പടിയറ പിതാവിനെ അറിയിച്ചു. നിഷ്കൃഷ്ഠമായ പഠനത്തിനും അന്വേഷണങ്ങൾക്കുംശേഷം 1978 ഡിസംബർ 8ന് 'ദൈവപരിപാലനയുടെ ചെറിയ ദാസികൾ' എന്ന പേരിൽ ഈ സമൂഹത്തെ ഒരു ഭക്ത സമൂഹമായി (Pious Union) അംഗീകരിച്ചു. 2001 സെപ്റ്റംബർ 8-ാം തിയതി സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയിൽ രൂപതാപദവിയുള്ള ഒരു സന്ന്യാസിനി സമൂഹമായുയർത്തി.

പ്രത്യേക സിദ്ധി

ദൈവപരിപാലനയിൽ മാത്രമാശ്രയിച്ച് ദിവ്യകാരുണ്യത്തിൽനിന്നും ശക്തി സംഭരിച്ച്, ആതുരശുശ്രൂഷ, വചനപ്രഘോഷണം, കുടുംബപ്രേഷിതത്വം എന്നിവ നിർവ്വഹിക്കുകയാണ് ഈ സന്ന്യാസ സമൂഹത്തിന്റെ പ്രത്യേക സിദ്ധി. പാവങ്ങൾ ദൈവത്തിന്റെ കണ്ണിലുണ്ണികളാണ് അവരെ കണ്ണിലെ കൃഷ്ണമണിപോലെ പരിപാലിക്കണം. അവരുടെ ആവശ്യങ്ങളിലേക്ക് നടന്നല്ല ഓടിയല്ല പറന്നെത്തുവാൻ നമ്മുടെ ചിറകുകൾ സദാ വിരിഞ്ഞിരിക്കണം. ഈ പാവപ്പെട്ട മക്കൾ യജമാനന്മാരും നാം ദാസരുമാണ്. അതിനാൽ അവരെ മുട്ടിന്മേൽ നിന്ന് ശുശ്രൂഷിക്കണം മുതലായ വി. ജോസഫ് കൊത്തൊലെംഗോയുടെ ഉപദേശങ്ങൾ ജീവിക്കുവാനുള്ള ശക്തി പ്രദാനം ചെയ്യുന്നത് അനുദിനമുള്ള പരി. കുർബാനയർപ്പണവും ദിവ്യകാരുണ്യാരാധനയുമാണ്.

ശക്തി സ്രോതസ്സ്

സ്ഥിരമായ വരുമാനമാർഗ്ഗങ്ങളോ നിക്ഷേപങ്ങളോ ഇല്ലാത്ത ഈ ഭവനത്തിന്റെ അനുദിനാവശ്യങ്ങൾ കുറവുകൂടാതെ നിർവ്വഹിക്കുന്നത് ദൈവപരിപാലനയാണ്. ദിവസേനയുള്ള പരി. കുർബാനയിൽനിന്നും ദിവ്യകാരുണ്യ ആരാധനയിൽനിന്നും നിരന്തരമായുള്ള പ്രാർത്ഥനയിൽനിന്നുമാണ് ദൈവപരിപാലനയിൽ മാത്രം ആശ്രയിച്ചുകൊണ്ടുള്ള ശുശ്രൂഷാജീവിതം നയിക്കാൻ സഹോദരിമാർക്ക് ശക്തി ലഭിക്കുന്നത്. കുന്നന്താനത്തുള്ള മാതൃഭവനത്തിൽ കഴിഞ്ഞ 42 വർഷമായി നിത്യാരാധന നടത്തി വരുന്നു. ഉത്തർപ്രദേശിലുള്ള ബിജ്നോർ, ഗോരഖ്പുർ എന്നീ സ്ഥലങ്ങളിലുള്ള ശാഖാഭവനങ്ങളിലും ഇപ്പോൾ നിത്യാരാധനയുണ്ട്.

പറുദീസായുടെ വാതിൽ തുറക്കുന്നവർ

വി. കൊത്തൊലെംഗോ പറയുന്നു, ഏറ്റവും വിരൂപരും, അങ്ങേയറ്റം ആലംബഹീനരുമാണ്

ചെറുഭവനത്തിലെ നിധികളും മുത്തുകളും. ഇവരായിരിക്കും നമുക്കുവേണ്ടി പറുദീസായുടെ വാതിലുകൾ തുറന്നുതരുന്നത്. ശാരീരികവും ബൗദ്ധികവുമായ വൈകല്യങ്ങൾ ബാധിച്ച വ്യത്യസ്ത പ്രായത്തിലുള്ളവരാണ് ദൈവപരിപാലനാഭവനത്തിലുള്ളത്. ഇവരിൽ അന്ധർ, ബധിരർ, തളർവാതരോഗികൾ, അപസ്മാര രോഗികൾ, അംഗഭംഗം സംഭവിച്ചവർ, ബൗദ്ധിക വൈകല്യമുള്ളവർ, തീരാവ്യാധിക്കാർ എന്നിവരെല്ലാം ഉൾപ്പെടുന്നു. പാവങ്ങൾ ഈശോയാണ്, അവർക്ക് സേവനം ചെയ്യുക എന്നാൽ ഈശോയെ സേവിക്കുക തന്നെയാണ് എന്ന വി. ജോസഫ് കൊത്തൊലെംഗോയുടെ വചനങ്ങൾ ദൈവപരിപാലനാഭവനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആത്മീയ ശക്തി പകരുന്നു.

മാതൃഭവനം

1978 ജനുവരി 17നാണ് കുന്നന്താനത്തിന് അടുത്തുള്ള ഐക്കുഴി എന്ന സ്ഥലത്ത് ആദ്യഭവനം ആരംഭിച്ചത്. പിന്നീട് മൈലമണ്ണിലുള്ള മറ്റൊരു വാടകവീട്ടിലും താമസിച്ചു. അതിനുശേഷം ചങ്ങനാശ്ശേരി അതിരൂപതാ ദാനമായി നല്കിയ സ്ഥലത്ത് സ്വന്തമായി ഭവനം പണിത് ശുശ്രൂഷകൾ അവിടേക്ക് മാറ്റി. രോഗികളായ മക്കളുടെ എണ്ണം വർദ്ധിച്ചപ്പോൾ അവരുടെ ആവശ്യങ്ങളും വർദ്ധിച്ചു. അങ്ങനെ Save A Family Plan വഴി പ്രത്യാശാഭവൻ എന്ന കെട്ടിടവും ദൈവപരിപാലന സമ്മാനിച്ചു. ഇപ്പോൾ മാതൃഭവനത്തിൽ 140 അഗതികളായ മക്കളെ സംരക്ഷിക്കുന്നു.

മാതൃഭവനത്തോട് ചേർന്നുള്ള പ്രോവിഡൻസ് റിന്യൂവൽ സെന്ററിൽ ധ്യാനപരിപാടികളും നടത്തിവരുന്നു. കുട്ടികൾക്കും യുവജനങ്ങൾക്കുമായുള്ള ധ്യാനങ്ങൾ, കുടുംബവിശുദ്ധീകരണധ്യാനങ്ങൾ, ലഹരി വിമോചന ധ്യാനങ്ങൾ എന്നിങ്ങനെ താമസിച്ചുള്ള ധ്യാനങ്ങളും, ഏകദിന പ്രാർത്ഥനാശുശ്രൂഷകളും, ഇടവകധ്യാനങ്ങളും നടത്തപ്പെടുന്നു. ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് തന്നെയാണ് ധ്യാനശുശ്രൂഷകൾക്ക് നേതൃത്വം നല്കുന്നത്. കുടുംബ പ്രേഷിതത്തിന്റെ ഭാഗമായി ഭവനസന്ദർശനം നടത്തുകയും വ്യക്തികളെയും, കുടുംബങ്ങളെയും ആത്മീയ ഉത്കർഷത്തിലേക്ക് നയിക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. ഇന്ന് 21 ഭവനങ്ങളിലൂടെ ഈ ശുശ്രൂഷ ചെയ്യുവാൻ ദൈവകരുണ ഞങ്ങളെ അനുവദിക്കുന്നു. 1050ൽപരം ഭിന്നശേഷിക്കാരായ മക്കൾ ഈ ഭവനങ്ങളിൽ സംരക്ഷിക്കപ്പെടുന്നു.

ആഫ്രിക്കൻ മിഷൻ

നന്നെ ചെറുപ്പം മുതൽ മദർ ലിറ്റിയുടെ മനസ്സിലുണ്ടായിരുന്ന ആഫ്രിക്കയിലെ പാവപ്പെട്ട മക്കൾക്കുവേണ്ടി ശുശ്രൂഷ ചെയ്യണം എന്ന ചിരകാലസ്വപ്നം പൂർത്തീകരിക്കാൻ ദൈവം അവസരം ഒരുക്കിക്കൊടുത്തത് തന്റെ 77-ാം വയസ്സിലായിരുന്നു. സാംബിയയിൽ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട സിസ്റ്റേഴ്സിന് മദർ ലിറ്റി തന്നെ പ്രത്യേക പരിശീലനം നല്കി ഒരുക്കിയെടുത്തത് ആ മിഷനോടുള്ള മദറിന്റെ അദമ്യമായ താൽപര്യമല്ലാതെ മറ്റൊന്നുമല്ല. ശാരീരിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരും HIV ബാധിതരും അവിടെ പരിചരണം തേടിയെത്താറുണ്ട്. ദ്വായശമയിൽ രണ്ട് ഭവനങ്ങളിലായി (പ്രോവിഡൻസ് ഹോം ലൂസാക്ക, പ്രോവിഡൻസ് ഇൻ ഡോള) 60 മക്കളെ സംരക്ഷിക്കുന്നു.



വിദ്യാഭ്യാസത്തിന് അവസരം കുറവുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സാധ്യമായ സാമ്പത്തിക പിന്തുണയും നല്കി തൊഴിൽ സമ്പാദനത്തിനായി അവരെ സഹായിക്കുന്നു. ഒപ്പം ധാർമ്മിക മൂല്യങ്ങളും ജീവിതദർശനവും പകർന്നുനൽകുക എന്ന ഉദ്ദേശ്യത്തോടെ കുട്ടികൾക്കും യുവജനങ്ങൾക്കുമായി പ്രാർത്ഥനാസംഗമങ്ങളും അതിനുശേഷം സ്നേഹവിരുന്നും നടത്തി ഈശോയുടെ സ്നേഹം അനുഭവിക്കാൻ അവരെ സഹായിക്കുന്നു.

വിളവധികമാണ്

മദർ മേരി ലിറ്റി ആരംഭിച്ച സ്നേഹത്തിന്റെയും സേവനത്തിന്റെയും ഈ ശുശ്രൂഷ ഇനിയും തുടരേണ്ടിയിരിക്കുന്നു. വിളവ് അധികമാണ്, പക്ഷേ വേലക്കാർ ചുരുക്കം. നമുക്കു ചുററും അനേകം പാവപ്പെട്ട രോഗികൾ, കൈകാലുകൾ ഇല്ലാത്തവർ, സംസാരിക്കാൻ സാധിക്കാത്തവർ, ചലനശേഷി നഷ്ടപ്പെട്ടവർ, പ്രായമായിട്ടും തിരിച്ചറിവില്ലാത്തവർ... അങ്ങനെ ആയിരങ്ങൾ ദുരിതമനുഭവിക്കുകയാണ്. തിന്മകൾക്കും ലഹരിവസ്തുക്കൾക്കും, തഴക്കദോഷങ്ങൾക്കും നിരാശയ്ക്കും അടിപ്പെട്ട് ഈശോയിൽനിന്നും അകന്നുകഴിയുന്ന ആകുലതകളും ദുഃഖങ്ങളും പേറി തകർന്ന ഹൃദയവുമായി അഴലുന്ന അനേകർ നമ്മുടെ ചുറ്റിലുമുണ്ട്. ദൈവത്തിന്റെ കണ്ണിലെ കൃഷ്ണമണികളായ ഈ പാവങ്ങളെ കരുതുവാനും സംരക്ഷിക്കുവാനും ശുശ്രൂഷിക്കാനും ഇനിയും അനേകർ കടന്നുവരണം. രോഗികൾ കിടക്കുന്ന സ്ഥലം ഒരു കത്തീഡ്രലാണ്, അവർ കിടക്കുന്ന കട്ടിൽ ബലിപീഠമാണ്. ആ കട്ടിലിൽ കിടക്കുന്ന രോഗി ഈശോയാണ് എന്നാണ് വി. കൊത്തൊലെംഗോ പഠിപ്പിക്കുന്നത്. ദിവ്യകാരുണ്യത്തിൽനിന്നും ശക്തി സംഭരിച്ച് ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുവാനും ആരോരുമില്ലാത്തവർക്ക് അത്താണിയാകുവാനും ഇനിയും ധാരാളം സഹോദരിമാർ ഈ വഴിത്താരയിലേക്ക് കടന്നുവരുവാൻ നമുക്ക് പ്രാർത്ഥിക്കാം. ദൈവം നല്കുന്ന പ്രചോദനങ്ങളെ തിരിച്ചറിയുവാനും സവിശേഷമായ ഈ വിളി സ്വീകരിക്കുവാനും ദൈവം കൃപ നല്കട്ടെ.

നന്ദിയോടെ...

ദൈവത്തിന്റെ അളവറ്റ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും ഈ ശുശ്രൂഷ ഇന്ന് 182 സിസ്റ്റേഴ്സും അർത്ഥിനികളും ചേർന്നാണ് നിർവഹിക്കുന്നത്. 2016 നവംബർ 5-ാം തിയതി മദർ ലിറ്റി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടെങ്കിലും, മദറിന്റെ ആത്മീയ സന്നിദ്ധ്യം ഇന്നും ദൈവപരിപാലനഭവനങ്ങളുടെ ശുശ്രൂഷകൾക്ക് ശക്തമായ പ്രചോദനമാണ്.

ദൈവപരിപാലനയിൽ മാത്രം ആശ്രയിച്ച് ജീവിക്കുന്ന LSDP സന്ന്യാസസമൂഹത്തിന്റെ നിലനിൽപ്പ് ദൈവത്തിന്റെ വിശ്വസ്ത സ്നേഹത്തിന്റെയും കരുണയുടെയും അടയാളമല്ലാതെ മറ്റൊന്നുമല്ല. ദൈവം നട്ടിടുന്ന ഓരോ ഇടത്തും വിനയത്തോടും സമർപ്പണത്തോടുംകൂടി വളർന്ന് ക്രിസ്തുവിന്റെ സ്നേഹം പങ്കുവയ്ക്കുവാൻ സാധിക്കണമെന്നാണ് ഞങ്ങളുടെ പ്രാർത്ഥന. ഈ എളിയ ശുശ്രൂഷകളിലൂടെ ലോകത്തിന് പ്രത്യാശയുടെ പ്രകാശം പകരുവാനും ദൈവരാജ്യത്തിന്റെ വളർച്ചയ്ക്ക് ചെറിയ ഉപകരണങ്ങളാകുവാനും ഈശോയുടെ മുഖമാകുവാനും കൃപ ലഭിക്കട്ടെ. ഈ യാത്രയിൽ പ്രാർത്ഥനകൊണ്ടും പ്രോത്സാഹനം കൊണ്ടും സഹായങ്ങൾകൊണ്ടും ഞങ്ങളോടൊപ്പം ചേരുന്നവരെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. 9495921224 എന്ന നമ്പറിൽ ഞങ്ങളുമായി ബന്ധപ്പെടാവുന്നതാണ്.

നിന്റെ ജീവിതം കർത്താവിന് ഭരമേൽപ്പിക്കുക; കർത്താവിൽ വിശ്വാസമർപ്പിക്കുക. അവിടുന്ന് നോക്കിക്കൊള്ളും (സങ്കീ.37:5).



ദൈവം തന്ന വിജയം

'വ്യാകുലമാതാവിന്റെ ചെറു സഹോദരികൾ' (Clelia Sisters) എന്ന സന്യാസിനിസമൂഹത്തിലെ അംഗമാണ് ഞാൻ. KTET പരീക്ഷയുടെ ആദ്യശ്രമത്തിൽ ഞാൻ പരാജയപ്പെട്ടിരുന്നു. എന്നാൽ 2026 ഫെബ്രുവരിയിൽ നടന്ന KTET പരീക്ഷ വിജയിക്കുന്നതിനായി ഞാൻ ദൈവത്തോട് തീക്ഷ്ണമായി പ്രാർത്ഥിച്ച് പരിശ്രമിക്കുകയും, വിജയിച്ചാൽ വചനോത്സവത്തിൽ സാക്ഷ്യം നൽകാമെന്ന് നേരുകയും ചെയ്തിരുന്നു. പഠന ഭാരം, പഠന സമയത്തിന്റെ കുറവ്, ഓർമ്മക്കുറവ് എന്നീ ഞാൻ നേരിട്ട തടസ്സങ്ങളെല്ലാം മാറ്റി, 93 മാർക്കോടെ എന്റെ ദൈവം എനിക്ക് വിജയം നൽകി അനുഗ്രഹിച്ചു. ദൈവ മഹത്വത്തിനായി ഞാനിത് സാക്ഷ്യപ്പെടുത്തുന്നു. യേശുവേ നന്ദി, യേശുവേ സ്തോത്രം.

സി.സോണിയ മുണ്ടുമൂഴിക്കര, കരുമത്ര

പാട്ടുവന്നവഴി



പേരുകേട്ട ധ്യാനഗുരുക്കന്മാരിൽ ഗാനരചയിതാക്കൾ അധികമില്ല. എന്നാൽ ധ്യാനമേഖലയിലെ പ്രശസ്തിക്കൊപ്പം ഗാനരചനയിലും പ്രശസ്തനായ മാത്യു ഇലവുങ്കലച്ചന്റെ തൂലികയിൽ പിറന്നത് ഇരുനൂറിലധികം ഗാനങ്ങൾ, അതിൽ ഭൂരിഭാഗവും ജനകീയം. വിശുദ്ധ ഗ്രന്ഥാധിഷ്ഠിത പ്രമേയങ്ങൾ മാത്രം ഗാനരചനയുടെ ഇതിവൃത്തമായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്ന അച്ചന്റെ 'അൾത്താരയിൽ ആത്മബലിയായ്' എക്കാലത്തെയും സൂപ്പർഹിറ്റ്. സാമൂഹ്യ മാധ്യമലോകം ഉടലെടുക്കുന്നതിനുമുമ്പും ജനസഹസ്രങ്ങളുടെ അധരങ്ങളിൽ ആവർത്തിച്ച നിരവധി ഗാനങ്ങളുടെ രചയിതാവായ ഇലവുങ്കലച്ചൻ 'സമ്പൂർണ്ണമായ് നൽകാൻ' എന്നു തുടങ്ങുന്ന ഗാനത്തിന്റെ രചനാ വഴികളാണ് വായനക്കാരുമായി പങ്കുവയ്ക്കുന്നത്.

സമ്പൂർണ്ണമായ് നല്കാൻ

ഫാ. മാത്യു ഇലവുങ്കൽ വി. സി.

എന്റെ ക്രിസ്തീയ ഭക്തിഗാന രചനാ ശുശ്രൂഷ ആരംഭിക്കുന്നത് ഞാൻ 1990ൽ പോട്ട ആശ്രമത്തിലെ ശുശ്രൂഷയിലെത്തിയകാലം മുതലാണ്. അതിനുമുമ്പ് സെമിനാരിയിലായിരിക്കുമ്പോൾ ഒരു ഗാനം എഴുതിയെങ്കിലും ആ വരികൾക്ക് അഭിഷേകമോ കാവ്യഭംഗിയോ ഉണ്ടായിരുന്നില്ല. കാരണം പരിശുദ്ധാത്മ പ്രേരണയാലോ ശക്തിയാലോ എഴുതിയതായിരുന്നില്ല ആ ഗാനം. ബഹു.മൈക്കിൾ പനച്ചിക്കലച്ചൻ വചനോത്സവത്തിൽ ആ ഗാനം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പോട്ട ആശ്രമത്തിൽ ഞാൻ ദൈവശുശ്രൂഷയിലേർപ്പെട്ട നാൾമുതൽ ഓരോ ഗാനവും ചിലതിന്റെയൊക്കെ ഈണവും എന്നിലേക്ക് താനെ ഒഴുകിവരാൻ തുടങ്ങി. അങ്ങനെയാണ് ആദ്യമായി 'ഒരു നാളും നിൻ വീഴ്ചകളിനി ഞാനോർക്കുകില്ല' എന്ന ഗാനവും തൊട്ടുപിന്നാലെ കുർബാനയുടെ പ്രവേശനഗാനമായ

‘അൾത്താരയിൽ ആത്മബലിയായ്’ എന്ന ഗാനവും രചിക്കപ്പെട്ടത്. ബഹു. അഗസ്റ്റിൻ പുത്തൻപുര അച്ചനാണ് ഈ രണ്ടു ഗാനങ്ങൾക്കും ഈണം നല്കിയത്.

കുരിശിന്റെ വഴി ഗാനങ്ങളടക്കം ഇരുന്നൂറോളം ഗാനങ്ങൾ കർത്താവ് എന്നെക്കൊണ്ട് എഴുതിച്ചു. അപ്രതീക്ഷിതമായും എന്റെ പ്രത്യേക പരിശ്രമമോ അദ്ധ്വാനമോ കൂടാതെയുമാണ് ഇവയൊക്കെ രൂപം കൊണ്ടത്. യേശുദാസിന്റെ തരംഗിണി സ്റ്റുഡിയോയ്ക്കു വേണ്ടി സംഗീതസംവിധായകനായ സണ്ണി സ്റ്റീഫൻ ക്രിസ്മസ് കാലത്തേക്ക് യേശുദാസിനെക്കൊണ്ട് പാടിക്കാനായി 10 പാട്ടുകളെഴുതാനാവശ്യപ്പെട്ടിട്ട് ഒരു ദിവസം മുഴുവൻ പരിശ്രമിച്ചിട്ടും ഒരുവരിപോലും എനിക്കെഴുതാനായില്ല. മനോരമാ മ്യൂസിക്കിനുവേണ്ടി ഒരു ആൽബം തയ്യാറാക്കാനാവശ്യപ്പെട്ടപ്പോൾ ഞാനൊരു ആൽബം റെക്കോർഡ് ചെയ്തു കൊടുത്തു. പക്ഷെ അവരുടെ ചില പ്രത്യേക ശൈലിയിൽ യുവജനങ്ങളെ ആകർഷിക്കുന്ന വെസ്റ്റേൺ മ്യൂസിക്കിന്റെ സ്വാധീനത്തിലുള്ള വരികളും ഈണങ്ങളുമാണവർക്കു വേണ്ടത് എന്ന് പറഞ്ഞ് അവർക്കിഷ്ടപ്പെട്ട രീതിയിൽ മാറ്റിയെഴുതാനവർ ആവശ്യപ്പെട്ടെങ്കിലും പരിശുദ്ധാത്മ പ്രേരണയോ അഭിഷേക ശക്തിയോ കിട്ടാത്തതിനാൽ ഞാൻ അവരുടെ ആവശ്യം നിരസിക്കുകയാണ് ചെയ്തത്.

1991 ൽ എന്നെക്കൊണ്ട് പരിശുദ്ധാത്മാവ് എഴുതിപ്പിച്ച ‘അൾത്താരയിൽ ആത്മബലിയായ് അർപ്പിക്കാനായ് ഞാൻ വരുന്നു’ എന്ന ഗാനവും അധികം താമസിയാതെ ബെന്നി തോമസ് സംഗീതം നല്കി കെസ്റ്റർ ആലപിച്ച ‘അൾത്താരയിൽ പൂജ്യ ബലിവസ്തുവായിടും അഖിലേശ്വരനെന്നും ആരാധന’ എന്ന ഗാനവും കുറച്ചുകാലം കഴിഞ്ഞ് അവതരിപ്പിച്ച ‘സമ്പൂർണ്ണമായ് നല്കാൻ ബലിവേദി മുന്നിൽ അണയുന്നു ഞങ്ങൾ അഖിലേശ്വരാ’ എന്നീ ഗാനങ്ങളും ഇന്നും മലയാളികത്തോലിക്കർ എവിടെയൊക്കെ ഉണ്ടോ അവിടെയെല്ലാം ദിവ്യബലിയുടെ പ്രാരംഭഗീതങ്ങളായി ആലപിക്കപ്പെടുന്നുണ്ട്. സമ്പൂർണ്ണമായ് നല്കാൻ ബലിവേദി മുന്നിൽ എന്ന ഗാനം പാടിയത് പ്രശസ്ത ഗായകനായ മധു ബാലകൃഷ്ണൻ ആണ്. അദ്ദേഹത്തിന്റെ ആദ്യത്തെ ക്രിസ്തീയ ഭക്തിഗാനമായിരുന്നു ഇത്. എറണാകുളം



വാഴക്കാലയിലുള്ള ഒരു സ്റ്റുഡിയോയിൽ ഈ ഗാനം റെക്കോർഡ് ചെയ്യാൻ അദ്ദേഹം വരുമ്പോൾ അദ്ദേഹത്തിന്റെ ശാസ്ത്രീയ സംഗീത പഠനം പൂർത്തിയാക്കിയതേ ഉണ്ടായിരുന്നുള്ളൂ. ഈ ഗാനത്തിന്റെ പല്ലവിയും അനുപല്ലവിയും റെക്കോർഡ് ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ഞാൻ ചരണത്തിന്റെ വരികളെഴുതിയത്. ഈ ഗാനത്തിലെ ചില വരികൾ മധു ബാലകൃഷ്ണനേയും ഓർക്കസ്ട്ര റെക്കോർഡ് ചെയ്യാൻ വന്നവരേയും റെക്കോർഡിംഗ് കാണാൻ വന്നവരേയും ഹഠാദാകർഷിച്ചു. ഇപ്രകാരമായിരുന്നു അനുപല്ലവിയിലെ ആ വരികൾ

‘ബലിവേദിയിൽ ഉയരുന്ന യാഗത്തിൽ
കൃപമാരിയായ് പെയ്യും നിമിഷങ്ങളിൽ
നിൻ കരവേലയാം ഈ പുണ്യമണ്ണിലെ
പരമാണുപോലും തുടിച്ചുയരും.
സൃഷ്ടപ്രപഞ്ചത്തിൽ മകുടമായി നീ തീർത്ത
മാനവരെല്ലാം സ്തുതിച്ചുപാടും.’

പരിശുദ്ധ കുർബാനയർപ്പണവേളയിൽ പ്രപഞ്ചം മുഴുവനിലും പ്രത്യേകിച്ച് ഈ ഭൂമണ്ഡലത്തിലും അതിലേറെയായ സൃഷ്ടിയുടെ മകുടമായ മനുഷ്യരിലും ഉണ്ടാകുന്ന അത്ഭുതകരമായ അനുഭവങ്ങളെക്കുറിച്ചും മാറ്റങ്ങളെക്കുറിച്ചുമുള്ള ഈ വരികൾ എഴുതുമ്പോൾ ഈ വരികൾക്ക് ഇത്രമാത്രം അർത്ഥതലങ്ങളോ ആഴങ്ങളോ ഉണ്ടായിരുന്നുവെന്ന് ഞാനറിഞ്ഞിരുന്നില്ല, ചിന്തിച്ചിരുന്നില്ല. പിന്നീട് പ്രശസ്ത വചനപ്രഘോഷകനും ജേർണലിസ്റ്റുമായ ദേവപ്രസാദ് സാർ ഗുഡ്നെസ് ടിവിയിൽ ഒരു ചർച്ചക്കിടയിൽ ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ട് ഈ വരികളുടെ ആഴങ്ങളും അർത്ഥതലങ്ങളും ദൈവശാസ്ത്ര

വും വിവരിച്ചപ്പോൾ ദൈവാത്മാവിന്റെ നമുക്ക് സുഗ്രാഹ്യമല്ലാത്ത പ്രവൃത്തികളെക്കുറിച്ച് ചിന്തിച്ച എന്റെ കണ്ണുകൾ നിറഞ്ഞു, ഹൃദയ വും മനസ്സും നന്ദിയാൽ തുടിച്ചു. ഈ ഗാനം അന്ന് പാടി റെക്കോർഡ് ചെയ്ത മധു ബാ ലകൃഷ്ണനും സ്റ്റുഡിയോയിൽ സന്നിഹിതനാ യിരുന്നവരും ഈ ഗാനത്തിന് സംഗീതം നല്കിയ പ്രശസ്ത സംഗീതസംവിധായകനായ ജേക്കബ് കൊരട്ടിയും ഈ വരികൾ അവരെ ഒത്തിരി ആകർഷിച്ചു എന്നുപറഞ്ഞത് ഞാനോർ ക്കുന്നു.

ഞാനെഴുതിയ ഒത്തിരി ഗാനങ്ങൾ കൺവെൻഷനുകളിലും ധ്യാനങ്ങളിലും ദിവ്യ ബലിയിലും ഗാനമേളകളിലും ഇന്നും പാടു ന്നത് കേൾക്കുമ്പോൾ ഒരു കാര്യം എനിക്ക് വ്യക്തമാണ്. ഈ പാട്ടു കളൊന്നും എന്റെ മാനുഷിക കഴിവുകൾ കൊണ്ടോ പരിശ്രമം കൊണ്ടോ അല്ല രൂപം കൊണ്ടത് പ്രത്യുത പരിശുദ്ധാത്മാവ് എന്നെ ക്കൊണ്ട് ചെയ്യിപ്പിച്ചതാണ് എന്നതാണ് സത്യം. അതിനാൽത്തന്നെ അതിന്റെ സർവ്വമഹത്വവും ദൈവത്തിനുള്ളതാണ്. ഞാൻ കേരളത്തിൽ നിന്നു ബോംബെയിലേക്കും ഫരീദാബാദിലേക്കും അമേരിക്കയിലേക്കും ശുശ്രൂഷകൾക്കായി സ്ഥലം മാറിപോയപ്പോൾ ഗാനരചനകൾക്കുള്ള സൗകര്യങ്ങളും സാഹ ചര്യങ്ങളും ഇല്ലാതായെങ്കിലും പ്രാർത്ഥ നാവേളകളിൽ, പരിശുദ്ധാത്മാവ് എന്റെ ആത്മാവിനെയും മനസ്സിനെയും ബുദ്ധിയെ യും ഉണർത്തുമ്പോൾ ചില വരികളും ഈണവും താനെ ഒഴുകി വരും. അപ്പോൾ തന്നെ അത് എഴുതിവച്ചില്ലെങ്കിൽ റെക്കോർഡ് ചെയ്തുവെച്ചില്ലെങ്കിൽ പിന്നീടത് കി ട്ടില്ല.

1993ൽ ഞാനെഴുതിയ ഒരു ഗാനത്തിന്റെ വരികളാണ് ഇപ്പോൾ ഓർമ്മ വന്നത്.

'ആത്മാവിൽ നിറയുന്ന സങ്കീർത്തനം
അകതാരിൽ നിന്നുയരും സ്തുതി കീർത്തനം
ഓരോ അണുവിലും കുടികൊള്ളും
ചൈതന്യമേ... ഒരുവേളപോലും ഞാൻ
പിരിയാതെ പാടിടാം... ആരാധന യേശുവേ...'

പാട്ടു കേൾക്കാൻ QR code
സ്കാൻ ചെയ്യുക

SCAN ME

ഉദരഫലം ദൈവദാനം



എന്റെ മകന്റെ വിവാഹം കഴിഞ്ഞ് ആറുവർഷം കഴിഞ്ഞിട്ടും കുഞ്ഞുങ്ങളി ല്ലാത്തതിനാൽ പല ഡോക്ടർമാരെയും കണ്ടു. എന്നാൽ എവിടെനിന്നും അനുകൂല മറുപടി കിട്ടിയില്ല. അതി നാൽ ഞാൻ യേശുവിനോട് തീക്ഷ്ണമായി പ്രാർത്ഥിക്കുകയും വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിക്കുകയും ചെയ്തു. ഞങ്ങൾ ഇതിനോടൊപ്പം കാട്ടറാ ത്ത് വർക്കിയച്ചനോടും പ്രാർത്ഥിച്ചിരുന്നു. ദൈവം ഞങ്ങളുടെ പ്രാർത്ഥന കേട്ട് മകന് കുഞ്ഞിനെ നല്കി ദൈവം അനുഗ്രഹിച്ചു. ഇതിന് നന്ദിയായി ഞങ്ങൾ വചനോത്സവം വാങ്ങി ഒരു വർഷം വിതരണം ചെയ്യുക യും ചെയ്തു. പിന്നീട് എനിക്കും എന്റെ ഭർത്താവിനും കണ്ണിൽ തിമിരം വരിക യും ഓപ്പറേഷൻ വേണമെന്ന് പറയുകയും ചെയ്തു. എന്നാൽ ഞങ്ങൾ യേശു വിനോട് പ്രാർത്ഥിച്ചതിന്റെ ഫല മായി പിന്നീടുള്ള പരിശോധനയിൽ ഓപ്പറേ ഷൻ ആവശ്യമില്ലെന്ന് ഡോക്ടർമാർ കണ്ടെത്തി. ഈ അനുഗ്രഹങ്ങൾക്കെല്ലാം ഞങ്ങൾ യേശുവിനോട് നന്ദി പറയുന്നു.

സുബ്ര ബാഗ്ചി, കാൺപുർ

ജീവിതാന്ത്യം ഓർത്തു നല്ലത് ചെയ്യാം

അഡ്വ.ഡോ. ദീപ ജോസഫ്





എല്ലാ പ്രവൃത്തികളിലും നിന്റെ അന്ത്യത്തെ ഓർക്കുക; അപ്പോൾ നീ ഒരിക്കലും പാപം ചെയ്യുകയില്ല(പ്രഭാഷകൻ 7:36).

ഈ വചനം ഞാൻ ആദ്യമായി കേട്ടത് എപ്പോഴാണെന്ന് ഓർമ്മയില്ല. എന്നാൽ അതിന്റെ അർത്ഥം ഞാൻ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. മനുഷ്യജീവിതത്തിലെ ഏറ്റവും വലിയ സത്യം മരണമാണെങ്കിലും, ഏറ്റവും കൂടുതൽ മറന്നുപോകുന്നതും അതുതന്നെയാണ്. നാം നാളേയ്ക്കു വേണ്ടി പദ്ധതികൾ തയ്യാറാക്കുന്നു, വർഷങ്ങൾക്കുവേണ്ടി സ്വപ്നങ്ങൾ നെയ്യുന്നു, സമ്പത്തും പ്രശസ്തിയും അധികാരവും തേടി ഓടുന്നു. എന്നാൽ ഈ യാത്രയുടെ അവസാനത്തിൽ ഒരുനാൾ നമുക്ക് എല്ലാം ഉപേക്ഷിച്ച് പോകേണ്ടി വരുമെന്ന സത്യം പലപ്പോഴും വിസ്മരിക്കുന്നു.

എന്റെ ഓരോ ദിവസത്തിന്റെയും തുടക്കത്തിൽ ഞാൻ ആദ്യം മനസ്സിനോട് ചോദിക്കുന്നത് ഇതാണ്: 'ഇന്ന് എനിക്ക് ആർക്കെങ്കിലും ഒരു നന്മ ചെയ്യാൻ കഴിയുമോ?' ആ ചോദ്യം എന്റെ ജീവിതത്തിന്റെ ഭാഗമായത് എന്റെ ബാല്യകാലത്ത് ലഭിച്ച ചില അനുഗ്രഹീത പാഠങ്ങളിലൂടെയാണ്.

ആദ്യമായി ഈശോയെ ഹൃദയത്തിൽ സ്വീകരിക്കാൻ എന്നെ ഒരുക്കിയ ജോസ് മരിയ സിസ്റ്ററെ ഞാൻ ഇന്നും നന്ദിയോടെ ഓർക്കുന്നു. വിശ്വാസവും കരുണയും സേവനവുമാണ് യഥാർത്ഥ ക്രിസ്തീയ ജീവിതമെന്ന് അവർ പഠിപ്പിച്ചു. അതുപോലെ എന്റെ ജീവിതത്തിൽ ആഴത്തിൽ പതിഞ്ഞ മറ്റൊരു ഓർമ്മ എന്റെ അമ്മയുടേതാണ്.

ആദ്യമായി വിശുദ്ധ കുർബാന സ്വീകരിച്ച് വീട്ടിലെത്തിയ ദിവസം അമ്മ എന്നോട് പറഞ്ഞ ഒരു വാചകം ഇന്നും എന്റെ ആത്മാവിൽ മുഴങ്ങുന്നു:

ഒരു ദിവസം ഒരു നന്മയെങ്കിലും ചെയ്യാതെ അത്താഴം കഴിക്കരുത്.

ആ വാക്കുകൾ ഒരു ഉപദേശം മാത്രമായിരുന്നില്ല; ജീവിതകാലം മുഴുവൻ പിന്തുടരേണ്ട ഒരു ആത്മീയ നിയമമായിരുന്നു. വർഷങ്ങൾ പിന്നിട്ടിട്ടും ആ വാക്കുകൾ ഞാൻ ഹൃദയത്തിൽ സൂക്ഷിക്കുന്നു. ഒരു നന്മയെങ്കിലും ചെയ്യാതെ കടന്നുപോയ ദിവസങ്ങൾ എന്റെ ജീവിതത്തിൽ വളരെ വിരളമാണ്. കാരണം നന്മ ചെയ്യുക എന്നത് ഒരു മഹത്തായ പ്രവർത്തി മാത്രമല്ല; ഒരു പുഞ്ചിരി, ഒരു ആശ്വാസവാക്ക്, ഒരു സഹായഹസ്തം, ഒരു പ്രാർത്ഥന ഇവയെല്ലാം നന്മയുടെ രൂപങ്ങളാണ്.

അഭിഭാഷക ജീവിതത്തിൽ എനിക്ക് ലഭിച്ച ഒരു അനുഭവം ഈ സത്യത്തെ വീണ്ടും ഉറപ്പിച്ചു.

ഒരു ദിവസം രാവിലെ മുതൽ ഞാൻ കോടതിമുറിയിൽ കാത്തിരിക്കുകയായിരുന്നു. ലോക്കപ്പിൽ കഴിയുന്ന എന്റെ കക്ഷിക്ക് ജാമ്യം ലഭിക്കണമെന്ന പ്രതീക്ഷയോടെ. കേസ് പലതവണ മെൻഷൻ ചെയ്തിട്ടും പരിഗണിക്കപ്പെട്ടില്ല. സമയം കടന്നുപോയി. ഉച്ച കഴിഞ്ഞു. വൈകുന്നേരം നാലുമണിയോടടുത്തു. എന്റെ കക്ഷിയുടെ മോചനം മാത്രമായിരുന്നു എന്റെ മനസ്സിൽ.

അതിനിടയിൽ കോടതിയിൽ ഒരു അപ്രതീക്ഷിത പ്രശ്നമുണ്ടായി. ഒരു പ്രധാനപ്പെട്ട ഫയലിന്റെ പ്രിന്റൗട്ട് അടിയന്തിരമായി എടുക്കേണ്ട സാഹചര്യം. എന്നാൽ അത് ലീഗൽ സൈസ് പേപ്പറിലായിരുന്നു. സമയം വൈകിയതിനാൽ പുറത്തുപോയി പ്രിന്റ്

എടുത്ത് വരാനും സാധിക്കില്ല. ജഡ്ജിയും കോടതി ജീവനക്കാരും പ്രശ്നപരിഹാരത്തിനായി ആശങ്കയോടെ ചർച്ച ചെയ്യുകയായിരുന്നു.

അപ്പോഴാണ് ഞാൻ മുന്നോട്ട് ചെന്നത്.

ഈ പ്രിന്റൗട്ട് എടുക്കാൻ ഞാൻ സഹായിക്കട്ടെ? എന്ന് ചോദിച്ചു.

അൽപ്പം അത്ഭുതത്തോടെ ജഡ്ജി എന്നെ നോക്കി. "How can you help me?" ആ ഡോക്യുമെന്റ് എനിക്ക് തരൂ, ഞാൻ മറുപടി പറഞ്ഞു.

ഡോക്യുമെന്റ് വാങ്ങി എന്റെ അസോസിയേറ്റ് അഭിഭാഷകനെ വിളിച്ചു. സ്കാൻ ചെയ്ത് A4 പേപ്പറിൽ പ്രിന്റ് എടുത്ത് ഏതാനും മിനിറ്റുകൾക്കുള്ളിൽ കോടതിയിൽ എത്തിച്ചു.

പ്രശ്നം പരിഹരിക്കപ്പെട്ടപ്പോൾ ജഡ്ജി കോടതിയെ അഭിസംബോധന ചെയ്ത് എന്നെ നോക്കി പറഞ്ഞു:

ഈ അഭിഭാഷക ഒരു Good Samaritan ആണ്. അവൾ മറ്റുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ മിടുക്കിയാണ്. പരോപകാര മനോഭാവമുള്ള ഒരു സാമൂഹിക പ്രവർത്തകയാണ്. അതുകൊണ്ട് അവളുടെ കക്ഷിക്കു ഞാൻ ജാമ്യം നൽകുന്നു. അതിനുശേഷം അദ്ദേഹം എന്റെ കക്ഷിക്ക് ജാമ്യം അനുവദിച്ചു.

അന്ന് രാവിലെ മുതൽ ഒരു കപ്പ് ചായ പോലും കുടിക്കാതെ ഞാൻ കോടതിമുറിയിൽ കാത്തിരിക്കുകയായിരുന്നുവെന്ന് അദ്ദേഹം മനസ്സിലാക്കിയിരിക്കണം. കാരണം കുറച്ചു സമയം കഴിഞ്ഞ് തന്റെ ചേംബറിൽനിന്ന് ചായയും ബിസ്കറ്റും കൊണ്ടുവരാൻ നിർദ്ദേശിച്ചു.

ആ ദിവസം ഞാൻ തിരിച്ചറിഞ്ഞത് ഒരു വലിയ ആത്മീയ സത്യമാണ്. നാം ചെയ്യുന്ന നന്മകൾ ഒരിക്കലും നഷ്ടമാകുന്നില്ല. അവ മനുഷ്യരുടെ ഹൃദയങ്ങളിൽ രേഖപ്പെടുത്തപ്പെടുന്നു. അതിലുപരി, ദൈവസന്നിധിയിൽ സൂക്ഷിക്കപ്പെടുന്നു.

നല്ല സമരിയാക്കാരന്റെ ഉപമയിൽ യേശു നമ്മെ പഠിപ്പിച്ചത് ഇതുതന്നെയാണ്. മുറിവേറ്റുകിടന്ന മനുഷ്യനെ പലരും കണ്ടു. എന്നാൽ സഹായിക്കാൻ തയ്യാറായത് ഒരാൾ മാത്രം. അയാൾക്ക് ആ മനുഷ്യനുമായി ബന്ധമോ ബാധ്യതയോ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നത് കരുണയായിരുന്നു. ആ കരുണയാണ് അവനെ നന്മ ചെയ്യാൻ പ്രേരിപ്പിച്ചത്.

ഇന്നത്തെ ലോകത്ത് സാങ്കേതികവിദ്യ വളർന്നു. മനുഷ്യർ ചന്ദ്രനിലെത്തി. കൃത്രിമ ബുദ്ധി ലോകത്തെ മാറ്റിമറിക്കുന്നു. എന്നാൽ മനുഷ്യഹൃദയങ്ങളിൽ കരുണ കുറയുന്നുവോ എന്ന ചോദ്യം ഉയരുന്നു. ഒറ്റപ്പെടൽ വർധിക്കുന്നു. കുടുംബബന്ധങ്ങൾ ക്ഷയിക്കുന്നു. സമൂഹത്തിൽ വിദ്വേഷവും അസഹിഷ്ണുതയും കൂടുന്നു. അത്തരമൊരു കാലഘട്ടത്തിൽ ക്രിസ്തു നമ്മോട് പറയുന്നത് സ്നേഹത്തിന്റെ ഭാഷയാണ്. ഈ എന്റെ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ചെയ്ത തെല്ലാം എനിക്കുതന്നെ ചെയ്തതാണ് (മത്താ 25:40). ജീവിതാന്ത്യം ഓർക്കുന്ന മനുഷ്യൻ അഹങ്കരിക്കുകയില്ല. പക സൂക്ഷിക്കുകയില്ല. മറ്റുള്ളവരെ വേദനിപ്പിക്കുന്നതിൽ സന്തോഷം കണ്ടെത്തുകയില്ല. കാരണം ഒരുനാൾ ദൈവസന്നിധിയിൽ നിൽക്കേണ്ടിവരുമെന്ന് അവൻ അറിയുന്നു.

മരണം ഭയപ്പെടേണ്ട ഒന്നല്ല; മറിച്ച് ജീവിതത്തെ കൂടുതൽ അർത്ഥവത്താക്കുന്ന ഒരു ഓർമ്മപ്പെടുത്തലാണ്. ഓരോ ദിവസവും അവസാനദിവസം പോലെ ജീവിക്കാനും ഓരോ മനുഷ്യനെയും അവസാനമായി കാണുന്നതുപോലെ സ്നേഹിക്കാനും അത് നമ്മെ പഠിപ്പിക്കുന്നു. നമ്മൾ ഈ ലോകം വിട്ടുപോകുമ്പോൾ നമ്മുടെ ബാങ്ക് അക്കൗണ്ടുകളും പദവികളും സ്വത്തുക്കളും നമ്മോടൊപ്പം വരില്ല. എന്നാൽ നാം ആശ്വസിപ്പിച്ച ഹൃദയങ്ങളും തുടച്ച കണ്ണുനീരും പങ്കുവെച്ച സ്നേഹവും ചെയ്ത നന്മകളും നമ്മെ അനുഗമിക്കും.

അതുകൊണ്ട് ഇതാ ഈ അനുഗ്രഹീത വേളയിൽ നമുക്ക് ഒരു തീരുമാനം എടുക്കാം. ഓരോ ദിവസവും കുറഞ്ഞത് ഒരു നന്മയെങ്കിലും ചെയ്യാം. ഒരു വിശക്കുന്നവന് ഭക്ഷണം നൽകാം. ഒരു രോഗിക്ക് ആശ്വാസമാകാം. നിരാശ ഉള്ളിടത്ത് പ്രത്യാശ നൽകാം. ഒരു ഒറ്റപ്പെട്ട മനുഷ്യന് കൂട്ടാകാം. ഒരു ചെറു പുഞ്ചിരി പോലും ഒരു വലിയ നന്മയാണ്..പുണ്യമാണ്.. കാരണം ജീവിതം എത്ര ദൈർഘ്യമുള്ളതായിരുന്നു എന്നതല്ല പ്രധാനം; അത് എത്ര മാത്രം സ്നേഹപൂർണ്ണമായിരുന്നു എന്നതാണ് പ്രധാനം.

ജീവിതാന്ത്യം ഓർക്കുന്നവർ നന്മ ചെയ്യാൻ മറക്കുകയില്ല. നന്മ ചെയ്യുന്നവർ ദൈവത്തെ കണ്ടെത്താൻ വൈകുകയുമില്ല. അതുകൊണ്ട് നമുക്ക് ജീവിതാന്ത്യം ഓർത്തു നന്മ ചെയ്യാം. അതാണ് യഥാർത്ഥ വിശ്വാസവും യഥാർത്ഥ ആരാധനയും യഥാർത്ഥ ക്രിസ്തീയ ജീവിതവും.



ചെവിയുള്ളവർക്കായി

കുഞ്ഞുമോൾ ബെന്നി



വിലാപകാലത്തിലെ വീണ്ടുവിചാരങ്ങൾ

മുറ്റത്ത് വെയിൽ കനൽ പോലെ കത്തുന്നു. അതിരിലും നടുമുറ്റത്തുമായി നിൽക്കുന്ന മാവുകൾ നിറയെ പൂത്ത് അമൃത കുംഭങ്ങളേറ്റുന്നു. 'ഠേ' പൊത്തോന്ന്. ഒരു തേങ്ങാ മാങ്ങ വഴിയേ വന്ന കാറ്റിന്റെ ചിറകിൽ തട്ടി താഴെ വീണു. തേങ്ങയുടെ വലിപ്പമാണ് മാങ്ങയ്ക്ക് അതുകൊണ്ട് കിട്ടിയ വിളിപ്പേരാണത്. കട്ടിയുള്ള പുറംതൊലി പക്ഷേ കൈയ്പ്പാണ്. ഉള്ളു നിറയെ തേൻ പോലെ മധുരം. വീഴേണ്ട താമസം എവിടെനിന്നോ ഒരു വള്ളാൻ കാക്ക പാറി വന്നു അതിന്റെ കൂർത്ത ചുണ്ടിനാൽ മാങ്ങയുടെ മേലുറ ഉരിഞ്ഞു, മാംസളഭാഗം കൊത്തി വിഴുങ്ങി വിശപ്പകറ്റി വീണ്ടും എവിടേയ്ക്കോ പറന്നു. അതാ അണ്ണാറക്കണ്ണൻ വരുന്നു. അവന് ഒട്ടും അധ്വാനിക്കേണ്ടിവന്നില്ല. കട്ടിയുള്ള മേലുറ കാക്കപ്പൻ പണിയെടുത്ത് നേരത്തെ വൃത്തിയാക്കിയിട്ടുണ്ട്. കാക്കപ്പാതിയുടെ പകുതി തിന്നു അണ്ണാനും ഓടിമറഞ്ഞു. അതാ വരുന്നു ഒരുകൂട്ടം അങ്ങാടി പക്ഷികൾ. മിച്ചമുള്ള മാങ്ങാശേഷിപ്പുകൾ ഒന്നിച്ചു കൊത്തിപ്പെറുക്കി വെടിപ്പാക്കി സംഘം ചേർന്നവ പാറിപ്പോയി. തീർന്നില്ല അണിയണിയായി വരി തെറ്റാതെ ഉറുമ്പിൻ കൂട്ടം വന്നു തുടങ്ങി. മാങ്ങാണ്ടിയിൽ ശേഷിച്ച നീരും നുകർന്ന് അവയും യാത്ര തുടർന്നു.

പ്രകൃതി, പങ്കുവെയ്ക്കലിന്റെ ഒരു പാഠപുസ്തകം മനുഷ്യന്റെ മുമ്പിൽ നെടുകെ തുറന്നു വെച്ചിരിക്കുന്നു.

ലൂക്കായുടെ വിശുദ്ധ സുവിശേഷം പതിനാറിന്റെ പത്തൊൻപതിൽ കാണുന്ന ഒരു മാളികയുടെ മുന്നിലേക്ക് നമുക്കൊന്ന് നടക്കാം. അവിടെ രണ്ട് ധ്രുവങ്ങളിൽ വസിക്കുന്ന രണ്ടു മനുഷ്യർ. ഒരാൾ ആഡംബരത്തിന്റെ അങ്കി അണിഞ്ഞ് സുഭിക്ഷതയുടെ മേശയിൽ മദിച്ചു വാഴുന്ന ഒരുവൻ - ധനവാൻ.

അപ്പുറത്ത് ഇല്ലായ്മയുടെ ശീല പുതച്ച് നായ്ക്കൾ നാവ് നീട്ടി നടക്കുന്ന പൂഴിയിൽ തന്റെ വ്രണങ്ങൾ ഒളിപ്പിക്കാൻ പാടുപെടുന്ന വേറൊരുവൻ. അവനു പക്ഷേ ദൈവത്തിന്റെ സ്നേഹത്താളിൽ പേരുണ്ട് - ലാസർ എന്നു വെച്ചാൽ

'ഇതാ, നിന്നെ ഞാൻ എന്റെ ഉള്ളംകൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു' (ഏശ 49: 16). തിന്ന് മദിച്ചു, രസിച്ച്, മിച്ചമുള്ളവ ദൂരെ കളയാൻ മാത്രം ശേഷിയുള്ള ഒരുവൻ ആയിരുന്നിട്ടും ധനവാൻ തനിക്കുള്ളവ ഇല്ലാത്തവനുമായി പങ്കുവയ്ക്കാനോ അതുവഴി ഹൃദയത്തിൽ നിറയുന്ന ദൈവസ്നേഹാനന്ദത്തിന്റെ രണ്ടീരടി പാടാനോ കഴിവില്ലാത്തവനായി ദൈവത്തിന്റെ പുസ്തകത്തിൽ പേരില്ലാത്തവനായി. അതായത് ദൈവത്തിന്റെ കാനേഷ്മാരിയിൽ അവന്റെ നമ്പരില്ല.

രണ്ടുപേരും യഥാകാലം മരണപ്പെടുന്നു. ധനവാന്റെ മുറ്റം നിറയെ പൗരപ്രമുഖർ അടക്കമുള്ള ജനസഞ്ചയം. വഴിയിൽ മരണാലങ്കാര തോരണങ്ങൾ. കടകളെല്ലാം അടഞ്ഞു കിടക്കുന്നു. വ്യാപാരികൾ തങ്ങളുടെ വസ്ത്രത്തോട് കറുത്ത തുണിക്കഷണം തുന്നിച്ചേർത്തിരിക്കുന്നു. കാരണം ധനവാൻ അവരുടെ വ്യാപാര വ്യവസായ സംഘത്തിന്റെ പ്രസിഡന്റ് ആണ്... മാർബിൾ കല്ലറയിൽ സർവ്വ ബഹുമതികളോടും കൂടെ ധനവാൻ അടക്കപ്പെടുന്നു.

ഇതാ പാതയുടെ മറുവശത്ത് ആത്മാവ് വെടിഞ്ഞ ലാസറിന്റെ മൃതശരീരം. എന്നാൽ ആ ആത്മാവിനെ അബ്രഹാമിന്റെ മടിയിലേക്കു കൂട്ടിക്കൊണ്ടു പോകാൻ ദൈവദൂതന്മാർ കാത്തുനിൽക്കുന്നു. അബ്രഹാമിന്റെ മടിയിൽ ശാന്തം, സ്വച്ഛന്ദം വിശ്രമിക്കുന്ന ലാസർ.

വിലാപനരകത്തിൽ ഒരിറ്റു വെള്ളത്തിനായി ലാസറിന്റെ വിരൽതുമ്പിലേയ്ക്കുറ്റുനോക്കുന്ന ധനവാനെയാണ് നാം പിന്നെ കാണുക...

അവൻ ഭൂമിയിൽ ആയിരുന്നപ്പോൾ സുഭിക്ഷതയുടെ മേശയിൽ നിന്ന് ദരിദ്രനായ ലാസറിന്റെ അരികിലേക്ക് ഒരു അകലം പാലിച്ചിരുന്നു. ഇതാ അവൻ ഭൂമിയിൽ ആയിരുന്നപ്പോൾ പാലിച്ച അകലത്തിന്റെ പതിനായിരം മടങ്ങ് ആഴത്തിലുള്ള ഒരു ഗർത്തം അവനും ലാസറും തമ്മിൽ സ്വർഗ്ഗത്തിലുണ്ട്. അതിനാൽ ലാസർ അനുഭവിക്കുന്ന ആനന്ദത്തിന്റെ ഓഹരിക്കാരനാകാൻ ധനവാനുകഴിയാതെ പോകുന്നു....

ഉള്ളവ ഇല്ലാത്തവനുമായി പങ്കുവെക്കുകയാണ് സ്വർഗ്ഗത്തിലേക്ക് എത്താനുള്ള കുറുക്കുവഴി, എന്നറിയുക.

വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ആഘോഷിക്കുന്ന ഈ മാസത്തിൽ വിശുദ്ധന്റെ പരസ്നേഹ പുണ്യങ്ങൾ നമ്മളിലും നിറയട്ടെ....

അവൻ അവളോടു പറഞ്ഞു: മകളേ, നിന്റെ വിശ്വാസം നിന്നെ രകഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക (ലൂക്കാ 8:48).



ഞാനൊരു നേഴ്സാണ് ജർമ്മനിയിൽ ജോലി ചെയ്യുന്നതിനായി ഞാൻ ജർമ്മൻ ഭാഷ പഠിക്കുകയായിരുന്നു. കോഴ്സ് കഴിഞ്ഞ് പല തവണ ബി 2 എക്സാം എഴുതിയെങ്കിലും എനിക്ക് Reading എക്സാം പാസ്സാകാൻ സാധിച്ചില്ല. അതിനാൽ ജർമ്മനിയിൽ പോകാൻ കഴിയില്ലെന്ന് വിചാരിച്ച് ഞാനും എന്റെ കുടുംബവും ഒത്തിരി വിഷമിച്ചു. എന്നാൽ വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് വിശ്വസിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് ബി 2 പാസാകാനും ജർമ്മനിയിൽ നല്ല ശമ്പളത്തോടെ ജോലിയും ലഭിച്ചു. ഇത്രയും വലിയ അനുഗ്രഹം എനിക്ക് നല്കിയതിന് എന്റെ തമ്പുരാന് ഒത്തിരി നന്ദി. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

മരിയ ലിഞ്ചു, കുമ്പളങ്ങി

ഭയപ്പെടേണ്ട, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു. പേരുചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ് (ഏശ. 43:1).



എന്റെ മകന്റെ വിവാഹം കഴിഞ്ഞ് ഏഴു വർഷമായിട്ടും ഒരു കുഞ്ഞിനെ ലഭിച്ചിരുന്നില്ല. ഇക്കാര്യത്തിൽ ഞാൻ വളരെ മനസ്സ് ഭാരപ്പെട്ട് കഴിയുകയായിരുന്നു. പിന്നീട് ഞാൻ യേശുവിനോട് മനസ്സുരുകി പ്രാർത്ഥിച്ചു. എന്റെ മകന് ഒരു കുഞ്ഞിനെ കൊടുത്ത് അനുഗ്രഹിക്കണമെന്ന്. ദൈവം എന്റെ പ്രാർത്ഥന കേട്ടു. 2024 മാർച്ച് ഒന്നിന് എന്റെ മകന് ഒരു കുഞ്ഞിനെ നല്കി ദൈവം അനുഗ്രഹിച്ചു. ദൈവമഹത്ത്വത്തിനായി ഈ അനുഗ്രഹം വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്തുന്നു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

മേരി മാത്യു ഫെർണ്ണാണ്ടസ്, ഗോവ



സി. സുദീപ സി.എം.സി.

ദൈവത്തിന്റെ കുഞ്ഞ്

എന്റെ അചഞ്ചലസ്നേഹം നിന്നെ പിരിയുകയില്ല. എന്റെ സമാധാന ഉടമ്പടിക്കു മാറ്റം വരികയുമില്ല (ഏശ. 54:10)

എനിക്ക് വളരെ അടുപ്പമുള്ള ഒരു യുവതി കുറച്ചുനാളുകൾക്കുമുമ്പ് ദൂരെനിന്നും വിളിച്ചു. അവളൊരു അധ്യാപികയാണ്. ഭർത്താവും രണ്ട് ആൺമക്കളും ഉള്ള കുടുംബം. ആദ്യമകൻ ഡിഗ്രി കഴിഞ്ഞ് ജോലിയായി. ഇളയവൻ ബിരുദ പഠനത്തിൽ.

വളരെ സങ്കടത്തോടും ദുഃഖത്തോടുംകൂടി അവൾ പറഞ്ഞു. ഞാനിപ്പോൾ ഗർഭിണിയാണെന്നും അതിന്റെ പേരിൽ സ്കൂൾ മാനേജർ, ഡോക്ടർ, സഹപ്രവർത്തകർ തുടങ്ങി അറിയുന്നവരൊക്കെ ഇത് വേണ്ടെന്നും അബോർഷൻ നടത്താൻ തയ്യാറാകണമെന്നും നിർബന്ധിക്കുന്നുവെന്നുമാണ് കണ്ണീരോടെ എന്നോടു പറഞ്ഞത്. അമ്പതുവയസ്സോടടുക്കുന്ന തനിക്ക് വലിയ അപകടമാകുമെന്നും കുഞ്ഞിന് അംഗവൈകല്യമുണ്ടാകുമെന്നും പലരും ഭീഷണിപ്പെടുത്തുന്നു. പറ്റില്ലെങ്കിൽ സ്കൂൾ ജോലിയിൽനിന്നും രാജി വയ്ക്കാനാണ് നിർബന്ധിക്കുന്നത്. ഞാൻ പ്രാർത്ഥിച്ചിട്ട് പറഞ്ഞു, എന്തു വന്നാലും ദൈവം തന്ന കുഞ്ഞിനെ ഇല്ലാതാക്കുന്ന ഒരു പ്രവൃത്തിയും ചെയ്യരുതെന്ന് ഞാനവളെ ബോധ്യപ്പെടുത്തി. അബോർഷൻ ഒരു കൊലപാതകമാണെന്ന് ആ മകളെ മനസ്സിലാക്കിക്കൊടുത്തു. പത്തുമാസം തികച്ച് ആ കുഞ്ഞിനെ ഒന്നു ലോകം കാണിക്കുവെന്നും അവൾക്ക് പറ്റില്ലെങ്കിൽ കുഞ്ഞിനെ വളർത്താനുള്ള വഴികൾ എനിക്കറിയാമെന്നും ഞാൻ ഉറപ്പു പറഞ്ഞു; അവൾ ജോലി രാജി വച്ചു.

പിന്നീടുള്ള അഞ്ചെട്ടുമാസങ്ങളിൽ നിരന്തരം ഞാൻ അവളെ വിളിച്ച് ആശ്വസിപ്പിച്ചു. പ്രോത്സാഹിപ്പിച്ചു, സമാധാനപ്പെടുത്തി. മഠത്തിലെ സിസ്റ്റേഴ്സിനെ അവൾക്കുവേണ്ടി പ്രാർത്ഥിക്കാൻ ഓർമ്മപ്പെടുത്തി. മതപഠന ക്ലാസ്സിലെ അധ്യാപികയായിരുന്ന അവളെ അവിടുത്തെ വൈദികരും സപ്പോർട്ടുകൊടുത്ത് സഹായിച്ചു.

ഒടുവിൽ മിടുക്കനായൊരു കുഞ്ഞിന് അവൾ ജന്മംകൊടുത്തു. യാതൊരു ക്ലേശവുംകൂടാതെ! 2026 ൽ ആ കുഞ്ഞിനു നാലുവയസ്സാകുന്നു. മാലാഖമാരെ അധികം സ്നേഹിക്കുന്ന അവൾ റപ്പായേൽ എന്ന് പേരിട്ട് അവനെ നന്നായി വളർത്തുന്നു. ആ പൊന്നുമോന് സ്കൂളിൽ പോകാനുള്ള ഒരുക്കങ്ങളൊക്കെ നടത്തുകയാണ് അവന്റെ ഡാഡിയും മമ്മിയും ചേട്ടന്മാരുമെന്ന് ജൂണിൽ ഫോൺ വന്നിരുന്നു. അവന്റെ ജനനത്തിനുശേഷം ചിരകാലമായ ഒരു അഭിലാഷം നാട്ടിൽ ഒരു നല്ല വീട് നിറവേറി. അതിൽ വന്ന് പാർത്തപ്പോൾ എന്നെ കാണാൻ വന്നിരുന്നു. ആ കുഞ്ഞിന്റെ നെറ്റിയിൽ ഉമ്മവച്ച് അനുഗ്രഹിച്ചപ്പോൾ ആഹ്ലാദംകൊണ്ട് എന്റെ മിഴികൾ നിറഞ്ഞൊഴുകി.

കർത്താവിൽ ആശ്രയിക്കുന്നവർ അചഞ്ചലമായി എന്നേക്കും നിലകൊള്ളുന്ന സീയോൻപർവ്വതം പോലെയാണ് (സങ്കീ. 125:1).



ഫാ ഡോ. ദേവ് അക്കര കപ്പൂച്ചിൻ



തിരുവചന വായന

ക്രൈസ്തവന്റെ അന്നവും വെളിച്ചവും

മാറിക്കൊണ്ടിരിക്കുന്ന അഭിപ്രായങ്ങളും, അതിവേഗം കടന്നുപോകുന്ന ഡിജിറ്റൽ മാധ്യമങ്ങളും, വിട്ടൊഴിയാത്ത കോലാഹലങ്ങളും നിറഞ്ഞ ഒരു ലോകത്തിൽ, മനുഷ്യമനസ്സ് എപ്പോഴും പലവിധ ചിന്തകളാൽ അസ്വസ്ഥമാണ്. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഈ സാംസ്കാരിക പശ്ചാത്തലം വലിയൊരു വെല്ലുവിളിയാണ് ഉയർത്തുന്നത്: എങ്ങനെ ആത്മീയ സന്തുലിതാവസ്ഥ നിലനിർത്താം, സത്യവും അസത്യവും തമ്മിൽ എങ്ങനെ തിരിച്ചറിയാം, ദൈവത്തിന് മഹത്വമുണ്ടാകുന്ന രീതിയിൽ എങ്ങനെ ജീവിക്കാം? ഈ ചോദ്യങ്ങൾക്കുള്ള വിശുദ്ധ ഗ്രന്ഥത്തിന്റെ ഉത്തരമാണ് ദൈവവചനത്തോടുള്ള സ്ഥിരവും ഭക്തിനിർഭരവുമായ അടുപ്പം കാത്തുസൂക്ഷിക്കുക എന്നുള്ളത്.

സങ്കീർത്തനങ്ങൾ 119:9 നാം ഇങ്ങനെ വായിക്കുന്നു യുവാവു തന്റെ മാർഗ്ഗം എങ്ങനെ നിർമ്മലമായി സൂക്ഷിക്കും? അങ്ങയുടെ വചനമനുസരിച്ചു വ്യാപരിച്ചുകൊണ്ട്.

കർത്താവ് ജോഷ്വയോട് അരുളിച്ചെയ്തു (ജോഷ്വാ 1 :8) ന്യായപ്രമാണഗ്രന്ഥം എപ്പോഴും

നിന്റെ അധരത്തിലുണ്ടായിരിക്കണം. അതിൽ എഴുതിയിരിക്കുന്നതെല്ലാം പാലിക്കാൻ നീ ശ്രദ്ധിക്കണം. അതിനെക്കുറിച്ച് രാവും പകലും ധ്യാനിക്കണം. അപ്പോൾ നീ അഭിവൃദ്ധി പ്രാപിക്കുകയും വിജയം വരിക്കുകയും ചെയ്യും.

ബൈബിൾ എന്നത് വെറുമൊരു ചരിത്രരേഖയോ, ധാർമ്മിക കഥകളുടെ സമാഹാരമോ, അല്ലെങ്കിൽ ഒരു ക്ലാസിക് സാഹിത്യസൃഷ്ടിയോ മാത്രമല്ല. ഹെബ്രായർക്കെഴുതിയ ലേഖനത്തിൽ പറയുന്നതുപോലെ അത് ജീവനുള്ളതും ശക്തവുമാണ്:

'ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്; ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതുമാണ്. അത് ആത്മാവിലും ശരീരത്തിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി അവയെ വിഭജിക്കുന്നു; ഹൃദയത്തിലെ വിചാരങ്ങളെയും വികാരങ്ങളെയും വിവേചിച്ചറിയുകയും ചെയ്യുന്നു'(ഹെബ്രാ 4:12)

ബൈബിൾ സ്ഥിരമായി വായിക്കുക എന്നത് അനുദിന ആത്മീയ ജീവിതത്തിന്റെ താളം കണ്ടെത്തലാണ്; അത് ഭക്തിയോടെ വായിക്കുക എന്നത് സമർപ്പണത്തോടെയും ആദരവോടെയും പ്രതീക്ഷയോടെയും വചനത്തെ സമീപിക്കുക എന്നതാണ്. ഇവ രണ്ടും ചേരുമ്പോൾ അത് ഒരു ക്രൈസ്തവന്റെ ആത്മീയ ജീവിതത്തിന്റെ അടിത്തറയായി മാറുന്നു. ദൈവത്തിന് വിശ്വാസിയുടെ മനസ്സിനെ രൂപപ്പെടുത്താനും, ഹൃദയത്തെ കാത്തു സൂക്ഷിക്കാനും, വഴികാണിക്കാനുമുള്ള പ്രധാന മാർഗ്ഗം വചന വായനയാണ്.

വചനം എന്ന ആത്മീയ പോഷണം

മനുഷ്യശരീരത്തിന് നിലനിൽപ്പിനും വളർച്ചയ്ക്കും കൃത്യമായ ആഹാരം ആവശ്യമുള്ളതുപോലെ തന്നെ, മനുഷ്യന്റെ ആത്മാവിനും നിരന്തരമായ ആത്മീയ ആഹാരം ആവശ്യമാണ്. മരുഭൂമിയിൽ സാത്താന്റെ പ്രലോഭനങ്ങളെ നേരിട്ടപ്പോൾ, നിയമാവർത്തന പുസ്തകം ഉദ്ധരിച്ചുകൊണ്ട് യേശു ക്രിസ്തു മനുഷ്യന്റെ നിലനിൽപ്പിനെക്കുറിച്ചുള്ള അടിസ്ഥാനപരമായ ഈ സത്യം വ്യക്തമാക്കി:

'മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വചനംകൊണ്ടുമാണ് ജീവിക്കുന്നത് എന്ന് എഴുതപ്പെട്ടിരിക്കുന്നു.' (മത്താ4:4)



ഇവിടെ ക്രിസ്തു വചനവായനയെ ഒരു ആചാരമെന്നതിലുപരി ജീവന്റെ നിലനിൽപ്പിന് ഒഴിച്ചുകൂടാനാവാത്ത ഒന്നായി ഉയർത്തുന്നു. ആത്മീയ ഉണർവിനായി ആഴ്ചയിലൊരിക്കലുള്ള പ്രസംഗത്തെയോ വല്ലപ്പോഴുമുള്ള വായനയെയോ മാത്രം ആശ്രയിക്കുന്നത്, ആഴ്ചയിൽ ഒരിക്കൽ മാത്രം ആഹാരം കഴിച്ച് മാരത്തൺ ഓടാൻ ശ്രമിക്കുന്നതുപോലെയാണ്.

വിശുദ്ധ പത്രോസ് അപ്പസ്തോലനും വചനത്തോടുള്ള തീക്ഷ്ണമായ ആഗ്രഹം വളർത്തിയെടുക്കാൻ വിശ്വാസികളെ ഉപദേശിക്കുന്നു: 'രക്ഷയിലേക്കു വളർന്നുവരേണ്ടതിന് നിങ്ങൾ പരിശുദ്ധവും ആത്മീയവുമായ പാലിനുവേണ്ടി ഇളം പൈതങ്ങളെപ്പോലെ ദാഹിക്കുവിൻ' (1 പത്രോസ് 2:2). സ്ഥിരമായ വചന വായന ഈ 'ആത്മീയഭക്ഷണം' നിരന്തരമായി ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നു, ഇത് വിശ്വാസിയെ ആത്മീയ പക്വതയിലേക്ക് നയിക്കും. ഇതില്ലെങ്കിൽ ആത്മീയ പോഷകാഹാരക്കുറവ് സംഭവിക്കുകയും, വിശ്വാസി ആത്മീയമായി തളർന്നുപോകുകയും പ്രലോഭനങ്ങൾക്ക് എളുപ്പത്തിൽ ഇരയാകുകയും ചെയ്യും.

വഴികാട്ടിയാകുന്ന വചനം

ജീവിതം പലപ്പോഴും സങ്കീർണ്ണമായ പ്രതിസന്ധികളും ധാർമ്മികമായ ആശയക്കുഴപ്പങ്ങളും കടുത്ത അനിശ്ചിതത്വങ്ങളും നിറഞ്ഞതാണ്. ഈ നിമിഷങ്ങളിൽ വിശ്വാസിക്ക് വിശ്വസിക്കാവുന്ന ഒരു വഴികാട്ടി ആവശ്യമാണ്. ദൈവത്തിന്റെ പ്രമാണങ്ങളുടെ മനോഹാരിതയെക്കുറിച്ച് പ്രതിപാദിക്കുന്ന ബൈബിളിലെ ഏറ്റവും വലിയ അധ്യായത്തിൽ സങ്കീർത്തകൻ ഈ മനോഹരമായ ചിത്രം നൽകുന്നു:

'അങ്ങയുടെ വചനം എന്റെ പാദങ്ങൾക്ക് വിളക്കും എന്റെ പാതയിൽ പ്രകാശവുമാണ്.' (സങ്കീർത്തനം 119:105).

ഭക്തിപൂർവ്വമായ വായന ഇന്നത്തെ തീരുമാനങ്ങൾക്കും, ഇന്നത്തെ സംഭാഷണങ്ങൾക്കും, ഇന്നത്തെ പരീക്ഷണങ്ങൾക്കും ആവശ്യമായ പ്രത്യേക ജ്ഞാനം വിശ്വാസിക്ക് നൽകുന്നു.

മാത്രമല്ല, വചനവുമായുള്ള ആഴമേറിയ പരിചയം കാര്യങ്ങളെ വിവേചിച്ചറിയാനുള്ള കഴിവ് നൽകുന്നു. അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിൽ ബെറോയായിലെ പുരാതന നഗരത്തിലെ വിശ്വാസികളെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക:

'ബെറോയായിലെ യഹൂദർ തെസലോനിക്കാക്കാരേക്കാൾ ഉദാരമതികളായിരുന്നു. അവർ വചനം അതീവ താല്പര്യത്തോടെ സ്വീകരിക്കുകയും, പൗലോസ് പറയുന്നത് സത്യമാണോ എന്നറിയാൻ ദിവസേന വിശുദ്ധ ഗ്രന്ഥം പരിശോധിക്കുകയും ചെയ്തു' (അപ്പ. പ്രവർത്തനങ്ങൾ 17:11)

പൗലോസിനെപ്പോലുള്ള പ്രമുഖനായ ഒരു അപ്പസ്തോലൻ പഠിപ്പിച്ചപ്പോൾ പോലും, ബെറോയാക്കാർ ദിവസേന തിരുവചനവുമായി ഒത്തുനോക്കി അത് ശരിയാണോ എന്ന് ഉറപ്പുവരുത്തിയിരുന്നു. തെറ്റായ പഠിപ്പിക്കലുകളും വ്യാഖ്യാനങ്ങളും നിറഞ്ഞ ഈ കാലഘട്ടത്തിൽ, ദിവസേനയുള്ള ബൈബിൾ വായന വിശ്വാസിയെ തെറ്റായ ഉപദേശങ്ങളിൽ പെട്ടുപോകാതെ സത്യത്തിൽ ഉറപ്പിച്ചു നിർത്താൻ സഹായിക്കുന്നു.

കോലാഹലങ്ങളും ആത്മീയ വെല്ലുവിളികളും നിറഞ്ഞ ഈ ആധുനിക ലോകത്തിൽ, ഒരു ക്രൈസ്തവന്റെ ആത്മീയ നിലനിൽപ്പിനും വിവേചനശക്തിക്കും ആധാരം ദിവസേനയുള്ള തിരുവചന വായനയാണ്. ശരീരത്തിന് അന്നമെന്നതുപോലെ ആത്മാവിന് ജീവന്റെ പോഷണമേകുന്ന വചനം, പ്രതിസന്ധികളുടെ ഇരുളടഞ്ഞ പാതകളിൽ വിശ്വാസിക്ക് കൃത്യമായ വഴികാട്ടുന്ന വെളിച്ചമായി മാറുന്നു. അതിനാൽ, വചന വായന ഒരു ശീലമാക്കുകയും ഭക്തിയോടെ ഹൃദയത്തിൽ അത് സ്വീകരിക്കുകയും ചെയ്യുമ്പോൾ ഒരു വിശ്വാസി സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിക്കാനും സത്യത്തിൽ ഉറച്ചുനിൽക്കാനുമുള്ള ആത്മീയ പക്വത കൈവരിക്കുന്നു.

കർത്താവ് അവന് രോഗശയ്യയിൽ ആശ്വാസം പകരും; അവിടുന്ന് അവന് രോഗശാന്തി നൽകും (സങ്കീ. 41:3).



നവംബർ 22 ന് കണ്ണിന് ഒരു സർജറി വേണമായിരുന്നു. അഞ്ചു ശതമാനം വിജയമാണ് ഡോക്ടർ പറഞ്ഞത്. വചനോത്സവത്തിലെ സാക്ഷ്യങ്ങൾ കണ്ട് പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ ഫലമായി കണ്ണിന്റെ കാഴ്ച പൂർണ്ണമായി കിട്ടി. ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്തുന്നു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

ത്രേസ്യാമ്മ തോമസ്, കരുവാറ്റ



ഈശോയോട് വിശ്വാസത്തോടെ പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകൾ ടോൺസിക്ക് എസ്. എസ്.എൽ.സി., പ്ലസ് ടു പരീക്ഷയിൽ നല്ല വിജയം നല്കി ദൈവം അനുഗ്രഹിച്ചു. ഈശോയ്ക്കും പരിശുദ്ധ അമ്മയ്ക്കും നന്ദി പറയുന്നു. ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്തുന്നു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

സിജോ തോമസ്, കുറുപ്പംപടി



നിഴലും പൊരുളും

ജിൻസി സന്തോഷ്

പ്രത്യാശയുടെ ഒലിവില



കൊടുങ്കാറ്റിന് ശേഷമുള്ള പ്രതീക്ഷയുടെ അടയാളമായിരുന്നു പ്രാവിൻ ചുണ്ടിലെ ഒലിവ് ഇല.

'വൈകുന്നേരമായപ്പോൾ പ്രാവ് അവന്റെ അടുക്കൽ മടങ്ങിവന്നു, അതിന്റെ കൊക്കിൽ പുതുതായി പറിച്ചെടുത്ത ഒലിവ് ഇല ഉണ്ടായിരുന്നു! അപ്പോൾ ഭൂമിയിൽ നിന്ന് വെള്ളം ഇറങ്ങിയതായി നോഹ അറിഞ്ഞു' (ഉത്പത്തി 8:11). നാലു ദിക്കും വെള്ളവും അനിശ്ചിതത്വവുംകൊണ്ട് ചുറ്റപ്പെട്ട പെട്ടകത്തിൽ നോഹ ക്ഷമയോടെ കാത്തിരിക്കുകയായിരുന്നു. ദിവസങ്ങൾ കടന്നുപോയി, കൊടുങ്കാറ്റ് അവസാനിച്ചതിന്റെ വ്യക്തമായ സൂചനകളൊന്നും ഉണ്ടായിരുന്നില്ല.

എന്നിട്ടും, വിശ്വാസത്തോടെ, അവൻ ഒരു പ്രാവിനെ അയച്ചു... ഒരിക്കലല്ല, ഒന്നിലധികം തവണ. തനിക്ക് കാണാൻ കഴിയാത്തപ്പോഴും ദൈവം പ്രവർത്തിക്കുന്നുവെന്ന് നോഹ വിശ്വസിച്ചു. പ്രത്യാശിച്ചതുപോലെ പ്രാവ് ഒരു ഒലിവ് ഇലയുമായി തിരികെയെത്തി.

ഇതൊരു ചെറിയ അടയാളമായിരുന്നു, പക്ഷേ അത് ഒരു വലിയ സന്ദേശം വഹിച്ചു: കൊടുങ്കാറ്റ് അവസാനിക്കുന്നു, പുതിയ ജീവിതം ആരംഭിക്കുന്നു. ഇത് അനുദിനജീവിതത്തെക്കുറിച്ച് ആഴത്തിലുള്ള ചിലത് നമ്മെ പഠിപ്പിക്കുന്നു. ജീവിതത്തിന്റെ പ്രതികൂലങ്ങളിൽ പ്രളയം പോലെ തോന്നുന്ന ഋതുക്കളിൽ കാത്തിരിപ്പിന്റെയോ ആശയക്കുഴപ്പത്തിന്റെയോ ബുദ്ധിമുട്ടുകളുടെയോ രാപകലുകളിൽ ഏറെ പ്രാർത്ഥിച്ചിട്ടും, ഏറെ പ്രതീക്ഷിച്ചിട്ടും ഒന്നും മാറുന്നതായി തോന്നുന്നില്ല.

എന്നാൽ നോഹയെപ്പോലെ, ദൈവം നിശബ്ദനായുള്ളപ്പോഴും ദൈവത്തിൽ വിശ്വസിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

ദൈവം എപ്പോഴും തിരശ്ശീലയ്ക്ക് പിന്നിൽ പ്രവർത്തിക്കുന്നു, നമുക്ക് കാണാൻ കഴിയാത്തപ്പോഴും പുനഃസ്ഥാപനം ഒരുക്കുന്നു. ദൈവത്തിന്റെ വാഗ്ദാനങ്ങൾ

ഒരിക്കലും പരാജയപ്പെടുന്നില്ലെന്ന് ഒലിവിന്റെ ഇല നമ്മെ ഓർമിപ്പിക്കുന്നു.

കാലതാമസം പോലെ തോന്നുന്നത് ദൈവം പ്രാർത്ഥന നിഷേധിക്കലല്ല, അവനൊരുക്കിയ സമയത്തിന്റെ തികവിൽ നവീകരണവും രോഗ ശാന്തിയും പുതിയ തുടക്കങ്ങളും അവിടുന്ന് കൊണ്ടുവരുന്നു. കൊടുങ്കാറ്റ് നീണ്ടുനിന്നേക്കാം, പക്ഷേ അത് എന്നെന്നേക്കുമായി നിലനിന്നില്ല. നമ്മുടെ കാര്യത്തിലും ഇതു സത്യമാണ്.

നാം അഭിമുഖീകരിക്കുന്നതെന്തും....അതിന് ഒരു അവസാനമുണ്ട്, അതിനുശേഷമുള്ളത് ദൈവം ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. അതിനാൽ ദൈവവിശ്വാസം മുറുകെ പിടിക്കുക. പ്രത്യാശ കൈവിടാതിരിക്കുക. നിരന്തര പ്രാർത്ഥനവഴി ദൈവവുമായി വ്യക്തിപരമായ ബന്ധം നിലനിർത്തുക. നോഹയെ ഓർത്ത അതേ ദൈവം നമ്മെയും ഓർക്കും, സമാധാനവും ലക്ഷ്യവും പ്രത്യാശയും നിറഞ്ഞ ഒരു പുതിയ നാളുകളിലേക്ക് അവൻ നിങ്ങളെ കൊണ്ടുവരും.

ജലപ്രളയത്തിനു മുമ്പ്, നോഹ നീതിമാനും ആ തലമുറയിലെ കറയറ്റ മനുഷ്യനുമായിരുന്നു എന്ന് വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ....ദൈവിക പദ്ധതി പ്രകാരം ജലപ്രളയത്തെ അതിജീവിച്ചതിനു ശേഷം നോഹ ആത്മീയ ജീവിതത്തിൽ ജാഗ്രതയില്ലാത്തവനും അലസനുമായി തീർന്നു.

ദൈവത്തിൽ ആനന്ദിച്ചിരുന്നവൻ വീഞ്ഞിന്റെ ലഹരിയിൽ ആനന്ദിക്കുവാൻ തുടങ്ങി. ചില ദൗത്യങ്ങൾ പൂർത്തീകരിച്ചു കഴിയുമ്പോഴുണ്ടാകുന്ന ആത്മീയ ആലസ്യം ദൈവിക പദ്ധതികൾക്ക് തടസ്സം സൃഷ്ടിക്കുന്നു. ഈ ഭൂമിയിൽ ഒരു വ്യക്തിയെക്കുറിച്ചുള്ള ദൈവിക പദ്ധതികൾ അവസാനിച്ചാൽ, പിന്നീട്... ആ വ്യക്തി ഈ ഭൂമുഖത്തുണ്ടാവുകയില്ല. അതായത്... ഞാനും നിങ്ങളും ഇന്നും ജീവിച്ചിരിക്കുന്നുണ്ട് എന്നതിനർത്ഥം, നമ്മളെക്കുറിച്ച് കർത്താവിന് ഇനിയും എന്തൊക്കെയോ പദ്ധതികൾ അവശേഷിക്കുന്നു എന്നതാണ്.

ഒരു ദൗത്യം വിജയകരമായി പൂർത്തീകരിച്ചു കഴിയുമ്പോൾ ശരീരത്തിനും മനസിനും ആത്മാവിനും സ്വസ്ഥത നല്കി ബലപ്പെടുത്തുന്നത് ഉല്ലാസ പരിപാടികളോ ആഘോഷങ്ങളോ അല്ല. ദൈവസാന്നിധ്യത്തിൽ സ്വസ്ഥമായിരിക്കുന്നതാണ്. ദൈവമക്കളുടെ യഥാർത്ഥ വിശ്രമസ്ഥലം ദൈവസന്നിധിയാണ്. റിട്ടയർ ചെയ്തതു കൊണ്ടോ മക്കളുടെ ഭാവി സുരക്ഷിതമായതു കൊണ്ടോ ആരുടെയും ജീവിത ദൗത്യം തീരുന്നില്ല. പ്രായം കൂടി, ആരോഗ്യം ക്ഷയിച്ചു.... ഇതൊന്നും ദൈവനിയോഗങ്ങൾ അവസാനിച്ചു എന്നതിന്റെ അടയാളങ്ങളുമല്ല. ദൈവമക്കളുടെ റിട്ടയർമെന്റ് സമയം അവരുടെ മരണസമയമാണ്. ഇനിയൊന്നും ചെയ്യാനില്ല എന്ന് തോന്നുന്നത് ഒന്നും ചെയ്യാനില്ലാത്തതുകൊണ്ടല്ല. ചെയ്യേണ്ടതെന്താണെന്ന് തിരിച്ചറിയാൻ കഴിയുംവിധം ദൈവസന്നിധിയിൽ സ്വസ്ഥത കണ്ടെത്താത്തതുകൊണ്ടാണ്.

അതിനാൽ,.... ആത്മീയ മേഖലയിൽ ദൈവശുശ്രൂഷകർ ഉല്ലാസങ്ങൾക്കുമുമ്പ് ഉത്തരവാദിത്തങ്ങൾ പൂർത്തീകരിക്കണം. ഓർമ്മിക്കുക. ഒരു നിയോഗത്തിന്റെ പൂർത്തീകരണത്തിനു ശേഷമുള്ള സമയം അടുത്ത നിയോഗം ഏറ്റുവാങ്ങാനുള്ള ഒരുക്കത്തിന്റെ സമയമാണ്.

തന്റെ ഹിതമനുസരിച്ച്, എല്ലാം പൂർത്തിയാക്കുന്ന അവിടുന്നു തന്റെ പദ്ധതിയനുസരിച്ച് അവനിൽ നമ്മെ മുൻകൂട്ടി തെരഞ്ഞെടുത്തു നിയോഗിച്ചു. ഇത് ക്രിസ്തുവിൽ ആദ്യമായി പ്രത്യാശയർപ്പിച്ച നാം അവന്റെ മഹത്വത്തിനും സ്തുതിക്കുംവേണ്ടി ജീവിക്കുന്നതിനാണ് (എഫേ1:11,12).

ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും

(മത്താ. 7:7)



2018 ജനുവരിയിൽ എന്റെ മകൻ മനോജിന് ന്യൂമോണിയ ബാധിക്കുകയും ബെഡ്സോർ രൂപപ്പെടുകയും ചെയ്തു. ഞാൻ യേശുവിനോട് പ്രാർത്ഥിക്കുകയും മാതാവിന്റെ മാദ്ധ്യസ്ഥം തേടുകയും ചെയ്തു. കൂടാതെ വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിക്കുകയും ചെയ്തു. ദൈവം എന്റെ മകന് പൂർണ്ണസൗഖ്യം നല്കി അനുഗ്രഹിച്ചു. ദൈവമഹത്ത്വത്തിനായി ഞാനിത് സാക്ഷ്യപ്പെടുത്തുന്നു. യേശുവേ, നന്ദി.

അച്ചാമ്മ സെബാസ്റ്റ്യൻ, ചങ്ങനാശ്ശേരി



എമ്മേ ദ് ആലാഹ

ടി.ദേവപ്രസാദ്



അമ്മയ്ക്ക് ഒരു പിറന്നാൾ സമ്മാനം

1984 മെയ് ഒന്നിന് മജുഗോറിയിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധ അമ്മ ദർശകരോട് ചോദിച്ചു. നിങ്ങൾ എനിക്ക് എന്തു പിറന്നാൾ സമ്മാനം തരും? ജിവിതപങ്കാളിയുടെയും മക്കളുടെയും എല്ലാം പിറന്നാളിന് വില കൂടിയ സമ്മാനങ്ങൾ കൊടുക്കാൻ മറക്കാത്തവരും പലപ്പോഴും അമ്മയ്ക്ക് ഒരു പിറന്നാൾ സമ്മാനം കൊടുക്കാൻ ഓർമ്മിക്കാറില്ല. പല അമ്മമാരും അനുഭവിക്കുന്ന തിരസ്ക്കരണത്തിന്റെ ആ സാമൂഹിക യാഥാർത്ഥ്യം കൂടി ഓർമ്മിക്കാനായിരിക്കില്ലേ അമ്മ അന്ന് കുട്ടികളോട് അങ്ങനെ ചോദിച്ചത്. പരിശുദ്ധ അമ്മയുടെ തിരുനാൾ ആഘോഷിക്കുന്ന നാം ഒരിക്കലെങ്കിലും പരിശുദ്ധ അമ്മയ്ക്ക് ഒരു പിറന്നാൾ സമ്മാനം കൊടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? ഇല്ലാത്തവർ ഈ വർഷം അങ്ങനെ ചെയ്യണം. എന്തുകൊടുക്കണം എന്നും അമ്മ പറഞ്ഞുതരുന്നു.

മജുഗോറിയിൽ അമ്മയെ കേട്ട, അമ്മ പ്രത്യക്ഷപ്പെട്ടിരുന്ന ആറു കുട്ടികളിൽ പെറ്റമ്മ മരിച്ച ജക്കോബ് കോളോയ്ക്ക് മാത്രം ആ ചോദ്യം ഹൃദയത്തിൽ വല്ലാതെ തറച്ചു. അന്നവന് പ്രായം 13 വയസ്. അവന് എട്ടു വയസുള്ളപ്പോൾ അപ്പൻ അവരെ ഉപേക്ഷിച്ചു പോയതാണ്. അമ്മയായിരുന്നു അവർക്കെല്ലാം. അമ്മയും ഒരു വർഷം മുമ്പ് മരിച്ചു. ഇപ്പോൾ അക്ഷരാർത്ഥത്തിൽ അനാഥൻ. അമ്മയുടെ മരണ ശേഷം അമ്മാവന് ഒപ്പമാണ് താമസം. മജുഗോറിയിലെ ദർശകരിൽ ഏറ്റവും പ്രായം കുറഞ്ഞ കുട്ടിയും അവനായിരുന്നു പരിശുദ്ധ അമ്മയുടെ ചോദ്യം കേട്ട ജക്കോവിന് വല്ലാത്ത സങ്കടം വന്നു. വല്ലവരുടെയും ഔദാര്യത്തിൽ ജീവിക്കുന്ന അനാഥനായ തനിക്ക് എങ്ങനെ ഒരു കുഞ്ഞു സമ്മാനം പോലും വാങ്ങാനാവും? അവൻ അമ്മയോടു തന്നെ തുറന്നു പറഞ്ഞു. 'അമ്മേ, അമ്മയ്ക്ക് ഒരു ചെറിയ സമ്മാനം മേടിക്കുവാൻ പോലും എനിക്ക് പൈസ ഇല്ല'. അവന്റെ സങ്കടം നിറഞ്ഞ മറുപടി കേട്ട് അമ്മ അവനെ ശ്രദ്ധിച്ചു നോക്കി. ആ കുഞ്ഞുഹൃദയത്തിന്റെ സ്നേഹവും വേദനയും അമ്മയെയും വേദനിപ്പിച്ചിരിക്കണം. അമ്മ അവനെ ചേർത്തു നിർത്തിക്കൊണ്ട് പറഞ്ഞു. 'എന്റെ പൊന്നുമോനെ എനിക്ക് പിറന്നാൾ സമ്മാനം വാങ്ങാൻ എന്തിനാ പണം? വീട്ടിൽ ചെല്ലുമ്പോൾ നിന്റെ മനസിൽ എന്തും ആവട്ടെ. നിന്റെ ഹൃദയത്തിൽ നിറയെ വേദനകളാവട്ടെ, രാത്രി

ഓടി പുറത്തിറങ്ങി ആകാശത്തിലേക്ക് നോക്കി ഇങ്ങനെ വിളിച്ചു പറയുക. എന്റെ പ്രിയപ്പെട്ട ഈശോയെ എല്ലാം അവിടുത്തെ സ്നേഹത്തിനായി. അതാണ് അമ്മയ്ക്കുള്ള പിറന്നാൾ സമ്മാനം. അവൻ അമ്മ പറഞ്ഞതുപോലെ ചെയ്തു. അമ്മയുടെ പിറന്നാൾ വന്നപ്പോഴേക്കും അവൻ ആ പ്രാർത്ഥന പത്തു ലക്ഷത്തിലധികം പ്രാവശ്യം ചൊല്ലി അമ്മയ്ക്ക് സമ്മാനമായി കൊടുത്തു ജക്കോവ്. അവൻ കൊടുത്ത പിറന്നാൾ സമ്മാനത്തിന് അമ്മ നന്ദിപറഞ്ഞു.

മജുഗോറിയിലെ ദർശകർക്ക് പരിശുദ്ധ അമ്മ വെളിപ്പെടുത്തിയ സന്ദേശങ്ങളെക്കുറിച്ച് ഫാ.ലോറന്റെൻ എഴുതിയ പുസ്തകത്തിലും ജാൻ കോണൽ ദർശക മിർജാനയുമായി അഭിമുഖം നടത്തിയ തയ്യാറാക്കിയ പുസ്തകത്തിലും ഈ സംഭവം വിവരിക്കുന്നുണ്ട്. അന്ന് അമ്മ മജുഗോറിയിലെ ദർശകരോട് പറഞ്ഞത് ഓഗസ്റ്റ് അഞ്ചിനാണ് എന്റെ പിറന്നാൾ എന്നാണ്. 1984 ലേത് തന്റെ രണ്ടായിരാമത് പിറന്നാൾ ആണെന്നും അമ്മ അവരോട് പറഞ്ഞു. രണ്ടു ദിവസത്തെ ഉപവാസത്തോടെ മുന്നു ദിവസമായി തിരുനാൾ കൊണ്ടാടണം എന്നാണ് അമ്മ മജുഗോറിയിലെ ദർശകരോട് നിർദേശിച്ചത്. തുടർന്നാണ് പിറന്നാൾ സമ്മാനമായി നിങ്ങൾ എനിക്ക് എന്തു തരും? എന്ന് ചോദിച്ചത്.

ഓഗസ്റ്റ് അഞ്ചിലെ പിറന്നാൾ ആഘോഷത്തെക്കുറിച്ചും മിർജാന പറയുന്നു. ജക്കോവ് അന്ന് വല്ലാതെ വിളറി നിൽക്കുകയായിരുന്നു. അവൻ ആകെ അസ്വസ്ഥനായിരുന്നു. അവസാനം അമ്മ വരുന്ന സമയമായി. പ്രകാശരശ്മികൾ മിന്നിപ്പറന്നു. സ്വർഗത്തിന്റെയും ഭൂമിയുടെയും രാജ്ഞി വന്നു. അമ്മയെ കണ്ടപ്പോൾ ജക്കോവ് എത്തി വലിഞ്ഞ് അമ്മയെ തൊട്ടു കൊണ്ട് പറഞ്ഞു. അമ്മേ പിറന്നാളാശംസകൾ. താനറിയാതെ ചെയ്ത പ്രവർത്തിയിൽ ലജ്ജിച്ച് അവൻ ഭയന്നു നിലംപതിച്ചു. അവന്റെ സമ്മാനം ഏറെ പ്രിയപ്പെട്ടതായി അമ്മ പറഞ്ഞുകൊണ്ട് അമ്മ സ്നേഹത്തോടെ കുനിഞ്ഞ് അവനെ വാരിയെടുത്തു. അവന്റെ കുഞ്ഞുവിരലുകൾ കൈകളിൽ ചേർത്ത് പിടിച്ച് അമ്മ അവയിൽ ചുംബിച്ചു. കുട്ടികൾ കൊണ്ടു ചെന്ന കേക്കിൽ നിന്നും പഞ്ചസാര കൊണ്ട് ഉണ്ടാക്കിയ ഒരു റോസാപ്പൂവും അമ്മ എടുത്തു. മിർജാന പറഞ്ഞു.

1984 ൽ റുവാണ്ടായിലെ കിബഹോയിലെ ദർശകരോടും പരിശുദ്ധ അമ്മ വെളിപ്പെടുത്തിയത് ഓഗസ്റ്റ് അഞ്ചിനാണ് തന്റെ പിറന്നാൾ എന്ന്. കിബെഹോയിൽ ഓഗസ്റ്റ് അഞ്ചിന് പ്രത്യക്ഷപ്പെട്ട പരിശുദ്ധ അമ്മ അവിടുത്തെ ദർശകരോട് ചോദിച്ചു. എന്റെ പിറന്നാൾ ഓഗസ്റ്റ് അഞ്ചിനാണ് എന്ന് നിങ്ങൾക്കറിയാമോ? കുട്ടികൾ പറഞ്ഞു: ഇല്ല. 1984 ലേത് തന്റെ 2000-ാമത് പിറന്നാളാണെന്നും അമ്മ പറഞ്ഞു. കിബഹോയിലെ ദർശനങ്ങളെക്കുറിച്ച് എഴുതിയ ഇമ്മക്കുലി പറയുന്നു. 1994ലെ റുവാണ്ടയിലെ വംശീയ കലാപത്തിൽ നിന്നും കഷ്ടിച്ചു രക്ഷപ്പെട്ടവളാണ് ഇമ്മാക്കുലി ഇബഗിലിസ. 91 ദിവസം ഒരു ബാത്ത്റൂമിൽ ഒളിച്ചു കഴിഞ്ഞാണ് അവൾ രക്ഷപ്പെട്ടത്. റുവാണ്ട കലാപത്തക്കുറിച്ചും അമ്മയുടെ പ്രത്യക്ഷപ്പെടലിനെക്കുറിച്ചും അവൾ എഴുതിയ 'സാക്ഷ്യത്തിനായി ബാക്കിയായവൾ' എന്ന പുസ്തകത്തിന്റെ ലക്ഷക്കണക്കിന് കോപ്പികൾ ചെലവായി. ഇപ്പോൾ അമേരിക്കൻ പൗരയാണ്. വചന പ്രഘോഷകയാണ്. മരിയഭക്തിയുടെ പ്രചാരകയാണ്. 2007 ലെ മഹാത്മാഗാന്ധി സമാധാന അവാർഡ് ജേതാവാണ് ഇമ്മക്കുലി.

അമ്മ വെളിപ്പെടുത്തിയതു പോലെ 1984 ലെത് അമ്മയുടെ 2000 -ാമത് പിറന്നാളാണെങ്കിൽ ക്രിസ്തുവർഷം ആരംഭിക്കുമ്പോൾ അമ്മയ്ക്ക് 16 വയസുണ്ടാവണം. ബി.സി 16 ൽ ജനിച്ചു എന്ന് കരുതാം. കർത്താവിന്റെ വർഷം ആരംഭിക്കുന്നത് ബി.സി നാലിലോ ആറിലോ ആണ് എന്നാണ് ഇപ്പോൾ പണ്ഡിതർ പറയുന്നത്. അപ്പോൾ അമ്മ പിറന്നത് ബി.സി 12 ലോ പത്തിലോ ആണെന്ന് വരും. കാലഗണന എന്തുമാവട്ടെ പുലർകാല നക്ഷത്രമായി അമ്മ പിറന്നു. പറുദീസയിൽ വാഗ്ദാനം ചെയ്യപ്പെട്ട സാത്താന്റെ തല തകർക്കുന്ന സ്ത്രീ ലോകത്തിലേക്ക് വന്നു. ദൈവം അവളെ രക്ഷകന്റെ അമ്മയാകുവാൻ ലോകത്തേലേക്ക് അയച്ചു. സൂര്യന്റെ ആഗമനം അറിയിക്കുന്ന പുലർകാല നക്ഷത്രമായി അവൾ ലോകത്തിലേക്ക് വന്നു. അമ്മയുടെ പിറവി തിരുനാളിന് അമ്മയ്ക്ക് ഒരു സമ്മാനപ്പൊതിനമുക്കും തയ്യാറാക്കാം. നമുക്കും ഏറ്റുപറയാം 'എന്റെ പ്രിയപ്പെട്ട ഈശോയെ എല്ലാം അവിടുത്തെ സ്നേഹത്തിനായി.' ആയിരം വട്ടം പതിനായിരം വട്ടം. അങ്ങനെ അമ്മയ്ക്കു ഒരു പിറന്നാൾ സമ്മാനം കൊടുക്കാം.

1984 മെയ് അവസാനമാണ് കുട്ടികളോട് അമ്മ താൻ പിറന്ന ഓഗസ്റ്റ് അഞ്ചിനെക്കുറിച്ച് പറയുന്നത്. എന്നാൽ കത്തോലിക്കാ ഓർത്തഡോക്സ് സഭകൾ ആറാം നൂറ്റാണ്ടു മുതൽ സെപ്റ്റംബർ എട്ടിനാണ് പരിശുദ്ധ അമ്മയുടെ പിറവിത്തിരുനാൾ കൊണ്ടാടുന്നത്. സ്വകാര്യ വെളിപാടുകളിലൂടെ ലഭിക്കുന്ന

വിവരങ്ങൾ ഏറെ ആഴമായ പഠനത്തിനും പ്രാർത്ഥനയിലൂടെയുള്ള വിവേചനത്തിനും ശേഷമാണ് ശരിയോ തെറ്റോ എന്ന് സഭ പ്രഖ്യാപിക്കുന്നത്. സഭ മാറ്റം പ്രഖ്യാപിക്കുന്നതു വരെ സഭ കൊണ്ടാടുന്ന ദിവസമാണ് നമുക്ക് അമ്മയുടെ പിറവിത്തിരുനാൾ. സഭ പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവ തിരുനാൾ ഡിസംബർ എട്ടിന് കൊണ്ടാടുന്നതുകൊണ്ടാണ് അതു കഴിഞ്ഞ് ഒമ്പതുമാസം തികയുന്ന സെപ്റ്റംബർ എട്ടിന് അമ്മയുടെ പിറവിത്തിരുനാൾ കൊണ്ടാടുന്നത്. വിശുദ്ധരുടെ സ്വർഗപ്രവേശന ദിനം എന്ന അടിസ്ഥാനത്തിൽ അവരുടെ ചരമ ദിനങ്ങളാണ് സഭ തിരുനാളായി കൊണ്ടാടുന്നത്. എന്നാൽ ഈശോയുടെയും പരിശുദ്ധ അമ്മയുടെയും സ്നാപയോഹന്നാന്റെയും മാത്രം പിറവിത്തിരുനാളുകൾ സഭ കൊണ്ടാടുന്നു.

ദൈവം നമ്മെ ഓരോരുത്തരെയും ഓരോ നിയോഗവുമായാണ് ലോകത്തിലേക്ക് അയക്കുന്നതെന്ന് അമ്മയുടെ പിറവിത്തിരുനാൾ ഓർമ്മിപ്പിക്കുന്നു. പൗലോസ് ശ്ലീഹായിലൂടെ ദൈവം പറയുന്നു; ദൈവം മുൻകൂട്ടി നിശ്ചയിച്ച പദ്ധതികൾക്കായിയേശുക്രിസ്തുവിൽസൃഷ്ടിക്കപ്പെട്ട വരാണ് നാം ഓരോരുത്തരും (എഫേ.2.10). ഈ ലോകത്ത് ദൈവികപദ്ധതി അനുസരിച്ച് നാം നിർവഹിക്കേണ്ട ഓരോ നിയോഗത്തിനും വേണ്ട എല്ലാ കൃപകളും ദൈവം നമുക്ക് തരുമെന്നും, ദൈവപുത്രന്റെ അമ്മയാകുവാൻ ലോകത്തിലേക്ക് അയക്കപ്പെട്ട അമ്മയെ ഉത്ഭവ പാപത്തിൽ നിന്നുപോലും ഒഴിവാക്കിയ ദൈവത്തിന്റെ കരുതൽ- അമ്മയുടെ അമലോത്ഭവം- നമ്മെ ഓർമ്മിപ്പിക്കുന്നു.

പരിശുദ്ധ അമ്മയുടെ പിറന്നാൾ ആഘോഷിക്കുമ്പോൾ ഈ അമ്മയെ തന്നതിന് ദൈവത്തിന് നന്ദി പറയാനും അമ്മയെ ഓർത്ത് ദൈവത്തെ സ്തുതിക്കാനും നമുക്ക് കടമയുണ്ട്. അമ്മയുടെ മാതാപിതാക്കളായ ജോവാക്കിമിനെയും അന്നയെയും ഓർത്തും ദൈവത്തെ സ്തുതിക്കണം. അമ്മയുടെ ഭർത്താവായ മാർ യൗസേപ്പിനെ ഓർത്തും അമ്മയുടെ ഏക മകനായ ഈശോയെ ഓർത്തും ദൈവപിതാവിന് നന്ദി പറയണം. അമ്മയിലൂടെ സഭ അനുഭവിച്ച പന്തക്കുസ്താ അനുഭവത്തിനും ദൈവത്തിന് നന്ദി പറയണം. നാം സ്നേഹിക്കുന്ന ഓരോ വ്യക്തിയുടെയും പിറന്നാൾ ആഘോഷിക്കുമ്പോഴും നാം ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യമാണത്.

അമ്മയുടെ പിറവിത്തിരുനാൾ എട്ടു ദിവസത്തെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി കൊണ്ടാടുന്ന ചരിത്രമാണ് കേരളത്തിലെ ക്രൈസ്തവർക്കുള്ളത്. പഴയ കാലത്ത് പ്രമുഖ മരിയൻ ദേവാലയങ്ങളിലാണ് എട്ടുനോമ്പ് ആചരിച്ചിരുന്നത് എങ്കിൽ ഇന്ന് കേരളത്തിലെ മിക്കവാറും പള്ളികളിൽ എട്ടു നോമ്പു തിരുനാൾ കൊണ്ടാടുന്നു. 1789 ലെ ടിപ്പുവിന്റെ പടയോട്ടത്തിൽ നിന്നും രക്ഷ പ്രാപിക്കുന്നതിന് മലയാളക്കരയിലെ സ്ത്രീകൾ ആരംഭിച്ചതാണ് എട്ടുനോമ്പ് എന്നാണ് ചരിത്രം. മലബാർ കീഴടക്കി ടിപ്പുവിന്റെ പട്ടാളം അവിടുത്തെ സ്ത്രീകളോടു കാണിച്ച ക്രൂരതയുടെയും നിർബന്ധിത മതപരിവർത്തനത്തിന്റെയും കഥകൾ കേട്ടു ഭയന്ന സ്ത്രീകൾ മാതാവിന്റെ പള്ളികളിൽ അഭയം തേടി രാവും പകലും ഉപവാസത്തോടെ ദൈവിക ഇടപെടലിനായി പ്രാർത്ഥിച്ചു എന്നും പെരിയാറിൽ വലിയ വെള്ളപ്പൊക്കം ഉണ്ടായതുകൊണ്ട് ടിപ്പു തിരിച്ചു പോയെന്നും ആണ് ഐതിഹ്യം. അവിടുത്തെ പ്രധാന തിരുനാൾ ഓഗസ്റ്റ് അഞ്ചിനാണ്.

കോട്ടപ്പുറം രൂപതയിൽ പെട്ട പള്ളിപ്പുറത്തെ മഞ്ഞുമാതാവിന്റെ ബസിലിക്കയുടെ ഉത്ഭവത്തിനുപിന്നിലുള്ള കഥയും ടിപ്പുവിന്റെ പടയോട്ടവുമായി ബന്ധപ്പെട്ടതാണ്. ടിപ്പുവിന്റെ സൈന്യം വരുന്നതറിഞ്ഞു പള്ളിപ്പുറത്തെ വിശ്വാസികൾ പള്ളിപ്പുറത്തുള്ള മാതാവിന്റെ പള്ളിയിൽ അഭയം തേടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ടിപ്പുവിന്റെ സൈന്യം വന്നപ്പോൾ പള്ളിയും പരിസരവും ആകെ മഞ്ഞുമൂടി കിടക്കുന്നതായി സൈന്യത്തിനു തോന്നി എന്നും അവർ തിരിച്ചു പോയി എന്നുമാണ് ചരിത്രം. 1503 ൽ പോർട്ടുഗീസുകാർ പണിത പള്ളിപ്പുറം ദേവാലയം അന്നുമുതൽ മഞ്ഞുമാതാവിന്റെതീർത്ഥാടന കേന്ദ്രമായി. നിരവധിഅത്ഭുതങ്ങളും അടയാളങ്ങളും അവിടെ സംഭവിച്ചു. 2012ൽ മാർപ്പാപ്പാ പള്ളിപ്പുറം പള്ളിയെ മൈനർ ബസിലിക്കയായി ഉയർത്തി.

വലിയ കൊണ്ടാട്ടങ്ങളോടെ അമ്മയുടെ പിറവിത്തിരുനാൾ കൊണ്ടാടുമ്പോഴും അമ്മയ്ക്ക് വ്യക്തിപരമായി ഒരു പിറന്നാൾ സമ്മാനം കൊടുക്കാൻ നമുക്കാവുന്നുണ്ടോ? ലോകസമാധാനത്തിനു വേണ്ടി 100 കൊന്ത, പാപികളുടെ മാനസാന്തരത്തിനായി 50 കൊന്ത. ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി 100 ആശയടക്കം. കണ്ണുകളടച്ച് ദൈവസാന്നിധ്യ സ്മരണയിൽ എന്റെ പ്രിയപ്പെട്ട ഈശോയെ എല്ലാം അവിടുത്തെ സ്നേഹത്തിനായി എന്ന് പതിനായിരം തവണ.. അങ്ങനെ 2026 ലെ അമ്മയുടെ പിറവിത്തിരുനാളിന് നമുക്ക് അമ്മയ്ക്ക് വ്യക്തിപരമായി ഒരു സമ്മാനം കൊടുക്കാനാട്ടെ.

ഈശോയോട് ചോദിക്കേണ്ടത്



ഫാ. ഡാനിയേൽ പൂവണ്ണത്തിൽ

ഈശോയുടെ മൂന്നാം പീഡാനുഭവ പ്രവചനവും സെബദിപുത്രന്മാരുടെ അഭ്യർത്ഥനയും അന്ധന്മാർക്കു കാഴ്ച നല്കുന്ന സംഭവവുമാണ് വി. മത്തായി സുവിശേഷം 20-ാം അദ്ധ്യായം 17 മുതൽ 34 വരെയുള്ള വാക്യങ്ങളുടെ പ്രതിപാദ്യ വിഷയം. മത്താ. 16-ാം അദ്ധ്യായത്തിലെ രണ്ടാം പീഡാനുഭവപ്രവചനമെന്നപോലെ ഈ മൂന്നാം പ്രവചനവും ശിഷ്യർക്ക് മനസ്സിലാകുന്നില്ല. യഥാർത്ഥത്തിൽ ഈശോ ഉദ്ദേശിക്കുന്ന മരണം എന്താണെന്ന് വ്യക്തമാകാതെ നിൽക്കുന്ന അപ്പസ്തോലന്മാരെയാണ് ഈ മൂന്നിടത്തും നാം കാണുന്നത്.

20 മുതൽ 28 വരെയുള്ള വാക്യങ്ങളിൽ സെബദി പുത്രന്മാരുടെ അമ്മ അവരുടെ പുത്രന്മാർക്കുവേണ്ടി അഭ്യർത്ഥനയുമായി എത്തുമ്പോൾ ഈശോ ചോദിക്കുന്നത് നിനക്ക് എന്താണ് വേണ്ടത് എന്നാണ്? ഈ ചോദ്യം തന്നെയാണ് 20:32ൽ അന്ധന്മാരോട് ഈശോ ആവർത്തിക്കുന്നത്. ഞാൻ നിങ്ങൾക്ക് എന്തു ചെയ്യണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? ഉത്തരങ്ങളിലാണ് വ്യത്യാസം. സെബദിപുത്രന്മാരുടെ അമ്മ ദൈവരാജ്യത്തിൽ ഇടത്തും വലത്തും ഇരിക്കാനുള്ള സ്ഥാനമാണ് ആവശ്യപ്പെടുന്നത്. എന്നാൽ അന്ധന്മാരുടെ ആവശ്യം അവരുടെ കണ്ണുകൾ തുറക്കപ്പെടണമെന്നതായിരുന്നു. ഈശോ ഉള്ളലിഞ്ഞ് അവരുടെ കണ്ണുകളിൽ തൊട്ട് സൗഖ്യം നല്കുന്നു. ദൈവരാജ്യത്തിന് ഏറ്റവും അനിവാര്യമായ കാര്യം സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയാൻ കണ്ണുകൾ തുറക്കപ്പെടുക എന്നതാണ്. അവിടെ സ്ഥാനമാനങ്ങൾക്ക് പ്രസക്തിയില്ല. ശിഷ്യന്മാർ അന്ധന്മാരാകുന്നതും അന്ധന്മാർ ശിഷ്യന്മാരാകുന്നതും ഇങ്ങനെയാണ്. മത്താ 20:16 വചനം പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരുമാകുന്നത് എങ്ങനെയെന്ന് ഈശോ വീണ്ടും ഇവിടെ എടുത്തുപറയുകയാണ്.

ലോകത്തിന്റെ കണ്ണുകളിലൂടെ നോക്കുമ്പോഴാണ് സ്ഥാനമാനങ്ങൾക്കും പദവികൾക്കും പ്രസക്തിയുള്ളത്. എന്നാൽ അതിപ്രധാനമായ കാര്യം സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയുവാൻ ഉൾക്കണ്ണുകൾ തുറക്കപ്പെടുക എന്നതാണ്. ശരിയായ കാര്യങ്ങൾ ചോദിച്ചാൽ ഈശോ വേഗം തന്നെ അമാന്തമില്ലാതെ കാര്യം നടത്തിത്തരും. എന്നാൽ സെബദിപുത്രന്മാരുടെ അമ്മയുടേതുപോലെയുള്ള ചോദ്യങ്ങൾക്ക് കൃത്യമായ മറുപടിയും ലഭിച്ചെന്നു വരില്ല. ഈശോ ഉദ്ദേശിക്കുന്ന വിധത്തിൽ, സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയുവാൻ കണ്ണുകൾ തുറക്കപ്പെടുവാൻ നമുക്കും അവിടുത്തോട് ചോദിക്കാം.

നിന്റെ ജീവിതം കർത്താവിന് ഭരമേൽപിക്കുക; കർത്താവിൽ വിശ്വാസമർപ്പിക്കുക. അവിടുന്ന് നോക്കിക്കൊള്ളും (സങ്കീ.37:5).



എന്റെ മകൻ സ്റ്റിഫിൻ സേവ്യർ സി.എ. പരീക്ഷ എഴുതുന്ന സമയങ്ങളിൽ വിജയിക്കുവാൻ വളരെ ബുദ്ധിമുട്ടാണെന്ന് പറഞ്ഞപ്പോൾ പരിശുദ്ധാത്മാവിനെ ചേർത്തുപിടിച്ച് പ്രാർത്ഥിക്കുകയും, പരീക്ഷകളിൽ വിജയിക്കുകയാണെങ്കിൽ വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്തിക്കോളാം എന്ന് നേർച്ച നേരുകയുമുണ്ടായി. അവന്റെ പ്രയത്നത്തോടൊപ്പം പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന ഫലം കാണുകയും അവൻ വിജയിക്കുകയും ചെയ്തു. ദൈവത്തിനു സ്തുതി.

സേവ്യർ, ചേരാനല്ലൂർ





ഷാജി മാലിപ്പാറ



ചിക്കൻ കറി സൂപ്പറാ

അമ്മേ, ഇത് സൂപ്പാറായിട്ടൊണ്ട്.

ഏത്?

ഈ ചിക്കൻകറി

അമ്മ വയ്ക്കണ ചിക്കൻകറി എന്നും സൂപ്പറല്ലേ? എന്നിട്ട് ചേട്ടൻ അപ്പോഴൊന്നും സൂപ്പറാന്നു പറഞ്ഞിട്ടില്ലല്ലോ. അനിയത്തി ലില്ലി ഇടപെട്ടു.

ഇന്നു പറഞ്ഞല്ലോ. അതു നന്നായി. അമ്മ ലൂക്കിനെ പിന്താങ്ങി.

അതുമിതും പറയാതെ എല്ലാരും കഴിക്ക്. അമ്മ ലൂക്കിന്റെ പ്ലേറ്റിലേക്ക് ഒരു ചിക്കൻപീസു കൂടി വച്ചു.

ഒന്നും പറയാതെ കഴിച്ചിട്ട് എഴുന്നേറ്റു പോകുന്നത് ശരിയല്ലമ്മേ!

ആരാ അങ്ങനെ പറഞ്ഞത്? ലില്ലി തിരക്കി.

അൾത്താര ബാലന്മാർക്കുള്ള മൂന്നു ദിവസത്തെ ക്യാമ്പിൽ പങ്കെടുത്തിട്ട് ലൂക്ക് വൈകിട്ട് വന്നതേയുള്ളൂ.

ക്യാമ്പിൽ പറഞ്ഞു. പറഞ്ഞതു മാത്രമല്ല, പ്രവൃത്തിയും ഉണ്ടായിരുന്നു.

എന്തു പ്രവൃത്തി?

രാവിലേം ഉച്ചയ്ക്കും രാത്രീലുമൊക്കെ പ്ലേറ്റുമെടുത്ത് വരിനിന്ന് ഭക്ഷണം വാങ്ങിക്കഴിക്കണം. ചിരിച്ചും സംസാരിച്ചും സന്തോഷിച്ചും ഒക്കെയാണ് കഴിക്കുന്നത്. നല്ല രസമായിരുന്നു.

എന്നിട്ട്? പപ്പ പ്രോത്സാഹിപ്പിച്ചു.

ഞങ്ങളുടെ കൂട്ടത്തിൽ ജോമിൻ എന്നൊരു കുട്ടിയുണ്ടായിരുന്നു. പ്ലേറ്റിലേക്ക് വിളമ്പിത്തരുന്നവരോടെല്ലാം അവൻ താങ്ക്സ് പറയും. ഒരു ഗ്ലാസ് വെള്ളം കൊടുത്താൽ അതിനും താങ്ക്സ് പറയും.

അതു നല്ല കാര്യമല്ലേ?

അതു മാത്രമല്ല, ആഹാരം കഴിച്ചുതീർന്നാൽ ഉടനെ പ്ലേററുമായി അടുക്കളയിൽ പോകും. അവിടെ പാചകം ചെയ്യുന്ന ചേച്ചിമാരോട് ഉണ്ടാക്കിയതെല്ലാം നല്ല രുചിയായിരുന്നു, ഉഗ്രനായിട്ടുണ്ട് എന്നെല്ലാം പറയും. അപ്പോൾ അവർക്ക് സന്തോഷമാകും.

അതെങ്ങനെ ചേട്ടനു മനസ്സിലായി?

ക്യാമ്പിന്റെ അവസാനം എല്ലാവരും ഒത്തുകൂടി. ക്ലാസെടുത്തവരും പാട്ടു പഠിപ്പിച്ചവരും പാചകം ചെയ്തവരും ഒക്കെ. ഓരോരോ കാര്യങ്ങൾ പലരും പറഞ്ഞു. അടുക്കളയിലെ പ്രായം ചെന്ന അമ്മച്ചി പറഞ്ഞത് ജോമിനെ ഒരിക്കലും മറക്കാൻ പറ്റില്ലെന്നാണ്. ഓരോ നേരവും വന്ന് ഭക്ഷണത്തെക്കുറിച്ച് നല്ല അഭിപ്രായം പറഞ്ഞ കാര്യം പറയുമ്പോഴേക്കും ആ അമ്മച്ചി കരഞ്ഞു പോയി...

അതെന്തിനാ? ലില്ലിക്ക് സംശയം.

സന്തോഷംകൊണ്ട്. അല്ലാതെന്താ? അമ്മ പറഞ്ഞു.

ചിക്കൻ കറി സൂപ്പറാന്നു പറഞ്ഞപ്പോൾ അമ്മയ്ക്കും സന്തോഷമായോ? ലില്ലി ചോദിച്ചു. അതിനു മറുപടി പറയുംമുമ്പേ ലൂക്ക് എഴുന്നേറ്റ് പ്ലേറ്റിൽനിന്ന് ഒരുപിടി വാരി അമ്മയുടെ വായിൽ വച്ചുകൊടുത്തു. അമ്മ സന്തോഷത്തോടെ അത് കഴിക്കുന്നത് ലില്ലി നോക്കിയിരുന്നു. അപ്പയാകട്ടെ അപ്പോൾ ഓർമ്മ വന്ന ഒരു വചനം ഉറക്കെ പറഞ്ഞു. ***ഹൃദ്യമായ വാക്ക് തേനറ പോലെയാണ്. അത് ആത്മാവിന് മധുരവും ശരീരത്തിന് ആരോഗ്യപ്രദവുമാണ്*** (സുഭാ. 16:24).

നല്ല വാക്ക് എല്ലാവർക്കും സന്തോഷം പകരും. അപ്പയോടും അമ്മയോടും അധ്യാപകരോടും കൂട്ടുകാരോടും ഒക്കെ നല്ല വാക്കുകൾ പറയാം. ഓരോ ചെറിയ ഉപകാരത്തെയും ഓർത്ത് നന്ദി പറയാം. പൂമരത്തിൽനിന്ന് പൂക്കൾ പൊഴിയുന്നതുപോലെ അപ്പോൾ നമ്മുടെമേൽ നന്മകൾ വന്നുനിറയും.



ഞങ്ങളുടെ മകൾ ആൻ മരിയക്ക് 2020 ജൂലൈ 20-ാം തിയതി ശക്തമായ വയറുവേദനയെത്തുടർന്ന് ആശുപത്രിയിൽ കൊണ്ടുപോയി. ഡോക്ടർ സ്കാൻ ചെയ്യാൻ പറഞ്ഞു. സ്കാൻ ചെയ്തുനോക്കിയപ്പോൾ ലെഫ്റ്റ് ഓവറിയിൽ സിസ്റ്റ് ആണ് എത്രയും പെട്ടെന്ന് സർജറി ചെയ്യണമെന്ന് പറഞ്ഞു. കൊറോണയുടെ സമയം ആയിരുന്നു. ഞങ്ങൾ വേറൊരു ഹോസ്പിറ്റലിൽ കാണിച്ചു. എം.ആർ ഐ ചെയ്യാൻ പറഞ്ഞു. ഞങ്ങൾ ഈശോയോട് പ്രാർത്ഥിക്കുകയും മാതാവിന്റെ മാധ്യസ്ഥം തേടുകയും ചെയ്തു. സർജറി കൂടാതെ മകളെ സുഖപ്പെടുത്തണമെന്നു പ്രാർത്ഥിച്ചു. വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിയോഗം വച്ചു. ജപമാല ചൊല്ലി 101 എത്രയും ദയയുള്ള മാതാവേ ചൊല്ലി. എം.ആർ ഐ ചെയ്യാൻ പോയി. റിസൽട്ട് ഡോക്ടറെ കാണിച്ചു. മരുന്ന് കഴിച്ചുനോക്കാം എന്നിട്ട് വീണ്ടും സ്കാൻ ചെയ്ത് നോക്കിയിട്ട് പറയാം എന്നു പറഞ്ഞു. വീണ്ടും സ്കാൻ ചെയ്തു നോക്കിയപ്പോൾ സിസ്റ്റ് കണ്ടില്ല. വീണ്ടും 2024 ആഗസ്റ്റിൽ സ്കാൻ ചെയ്തു ഒരു കുഴപ്പവുമില്ല എന്ന് അറിഞ്ഞു. ഈ വലിയ അനുഗ്രഹത്തിന് യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

മേഴ്സി ജെയ്സൺ, വെള്ളാംചിറ





എന്റെ കണ്ണിന്റെ ഓപ്പറേഷന് തടസ്സങ്ങളായിരുന്നു. നാലു മാസമായിട്ടും എന്റെ കണ്ണിന്റെ ഓപ്പറേഷൻ നടന്നില്ല. വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ കണ്ണിന്റെ ഓപ്പറേഷൻ വിജയകരമായി നടന്നു. ദൈവമെ നന്ദി. ദൈവമേ സ്തോത്രം.

അന്നംകുട്ടി പൗലോസ്



മനുഷ്യരുടെ മുമ്പിൽ എന്നെ
ഏറ്റുപറയുന്നവനെ എന്റെ
സ്വർഗസ്ഥനായ
പിതാവിന്റെ മുമ്പിൽ ഞാനും
ഏറ്റുപറയും (മത്താ 10 : 32)

വചനോത്സവം
ജില്ലാതല പ്രേഷിത സംഗമം 2026

യേശുവിൽ പ്രിയ സഹോദരങ്ങളേ, വചനോത്സവം ജില്ലാതല സംഗമത്തിലേക്ക് എല്ലാ വചനോത്സവം പ്രേഷിതരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ദൈവം വചനോത്സവത്തിലൂടെ കഴിഞ്ഞ കാലങ്ങളിൽ നല്കിയ അനുഗ്രഹങ്ങൾക്ക് നമുക്കൊരുമിച്ച് നന്ദിപറയുകയും ഭാവിശുശ്രൂഷകളെ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്യാം. പങ്കെടുക്കുന്നവർ 9447696622 എന്ന ഓഫീസ് നമ്പറിലോ, ജില്ലാ കോ-ഓർഡിനേറ്റർമാരെയോ അറിയിക്കേണ്ടതാണ്. വചനോത്സവം ബുക്ക് ചെയ്യാനും വരിസംഖ്യ അടയ്ക്കാനും കുടിശ്ശിക തീർക്കാനുമുള്ള സൗകര്യം ഉണ്ടായിരിക്കും. നിങ്ങളുടെ അറിവിലും പരിചയത്തിലുമുള്ള മറ്റ് പ്രേഷിതരേയും പുതിയ പ്രേഷിതരാകുവാൻ താൽപര്യമുള്ളവരെയും സംഗമത്തിലേക്ക് കൂട്ടികൊണ്ടു വരണമെന്ന് അപേക്ഷിക്കുന്നു.

സ്നേഹപൂർവ്വം, ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി. സി., ചീഫ് എഡിറ്റർ, വചനോത്സവം

ജില്ല	തീയതി	സ്ഥലം	വിശദവിവരങ്ങൾക്ക്
മലപ്പുറം	ഒക്ടോബർ 3	വിൻസെൻഷ്യൻ ആശ്രമം, നിലമ്പൂർ	ബിജു 9446630120
കണ്ണൂർ	ഒക്ടോബർ 10	വിൻസെൻഷ്യൻ ആശ്രമം, ഇടത്തൊട്ടി	അബ്രഹാം 9447359862
കൊല്ലം	ഒക്ടോബർ 17	വിമലഹൃദയ ധ്യാനകേന്ദ്രം കൊട്ടിയം	സാജൻ 9446706604
കോട്ടയം	ഒക്ടോബർ 24	പരിത്രാണ ധ്യാനകേന്ദ്രം, അടിച്ചിറ	സിറിയക് 8089112950
കാസർഗോഡ്	ഒക്ടോബർ 31	വിൻസെൻഷ്യൻ ആശ്രമം കാലിച്ചാനടുക്കം	ജോയ് 9744569702

സംഗമം രാവിലെ 9.30ന് ആരംഭിച്ച് ഉച്ചയ്ക്ക് 1 മണിക്ക് ഭക്ഷണത്തോടെ അവസാനിക്കുന്നതാണ്



തേൻമൊഴി

അങ്ങയുടെ വാക്കുകൾ എന്റെ നാവിന് തേനിനേക്കാൾ മധുരമാണ് സങ്കീർത്തനങ്ങൾ 119:103

ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.

എല്ലാവർക്കുമുള്ള ആഹാരം

യേശു പഠിപ്പിച്ച പ്രാർത്ഥനയിലെ 'അന്നന്നു വേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരേണമേ' എന്ന ഭാഗമാണിവിടുത്തെ വിചിന്തന വിഷയം. ഒരാൾ അയാൾക്കുവേണ്ടി ചോദിക്കുന്നതൊന്നുമല്ല ഈ പ്രാർത്ഥനയിലുള്ളതെന്ന് നാം കണ്ടതാണ്. അങ്ങനെ വരുമ്പോൾ എല്ലാവർക്കും വേണ്ടിയുള്ള ആഹാരമാണിവിടെ ചോദിക്കേണ്ടതെന്ന് സാരം. മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളായി കണക്കാക്കപ്പെടുന്ന ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവയിൽ പ്രഥമ പരിഗണനയർഹിക്കുന്ന ഭക്ഷണമാണിവിടുത്തെ യാചനാ വിഷയമെന്നത് ശ്രദ്ധേയമാണ്. ദൈവവിശ്വാസമില്ലാത്തവരാണെങ്കിലും ശത്രുക്കൾക്കുപോലും നിഷേധിക്കാത്ത ഒന്നാണ് ഭക്ഷണമെന്നറിയണം. യുദ്ധമേഖലയിൽപോലും ശത്രുരാജ്യത്തിന് ഭക്ഷണത്തിനുള്ള വഴി തടയാൻ ലോകനീതി അനുവദിക്കുന്നില്ല.

ഭൂമിയിലാർക്കും ഭക്ഷണം മുടങ്ങരുതെന്ന തീവ്രമായ ആഗ്രഹമായിരിക്കണം ഒരുവൻ ഈ പ്രാർത്ഥനയിലൂടെ ദൈവത്തെ അറിയിക്കുന്നത്. ദൈവമീ ഭൂമിയിൽ ഭക്ഷ്യ വിഭവങ്ങൾ ഒരുക്കി വച്ചിരിക്കുന്നത് എല്ലാവർക്കും ലഭിക്കാൻ പാകത്തിനാണ്, എന്നാൽ ചിലർ അന്നന്നു വേണ്ടുന്നതിലധികം കയ്യടക്കി വച്ചിരിക്കുന്നതിനാൽ അത് പലർക്കും ലഭിക്കുന്നില്ല. ചുരുങ്ങിയത് എന്റെ കരുതൽ മറ്റാരുടെയും അന്നം മുടക്കുന്നതല്ല എന്നുറപ്പാക്കേണ്ടതുണ്ട്. നാളേക്ക് ഞാൻ സംഭരിച്ചു വച്ചിരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഇന്നാർക്കോ ലഭിക്കേണ്ടിയിരുന്നതല്ലേ എന്ന ഒരാലോചന കലവറകളുടെ അർത്ഥരാഹിത്യം നമ്മെ ബോധ്യപ്പെടുത്താനുതകും; നാളെ ഞാൻ ജീവിച്ചിരിക്കണമെന്നില്ലല്ലോ. 'ഈ രാത്രി നിന്റെ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടും; അപ്പോൾ നീ ഒരുക്കിവെച്ചിരിക്കുന്നവ ആരുടേതാകും?' (ലൂക്കാ 12 : 20). മറ്റൊരു വസ്തുത ആവശ്യത്തിലധികം സംഭരിച്ചു വക്കുന്ന ശീലത്തിൽനിന്ന് അഥവാ അത്യാഗ്രഹത്തിൽ നിന്ന് ഒരാളെ മോചിപ്പിക്കാൻ ഉതകുന്നതാണ് ഈ പ്രാർത്ഥന എന്നതാണ്.

അവരവർക്ക് വേണ്ടതിലധികം സംഭരിക്കുന്നതിനോട് ദൈവം എല്ലാക്കാലത്തും എതിരാണെന്ന് മരുഭൂമിയിൽ അവിടുന്ന് തെളിയിച്ചതാണല്ലോ. 'കർത്താവു കൽപിച്ചിരിക്കുന്നത് ഇപ്രകാരമാണ്: ഓരോരുത്തനും തന്റെ കൂടാരത്തിലുള്ള ആളുകളുടെ എണ്ണമനുസരിച്ച് ആളൊന്നിന് ഒരു ഓമെർവീതം ശേഖരിക്കട്ടെ. ഇസ്രായേൽക്കാർ അപ്രകാരം ചെയ്തു; ചിലർ കൂടുതലും ചിലർ കുറവും ശേഖരിച്ചു. പിന്നീട് ഓമെർ കൊണ്ട് അളന്നുനോക്കിയപ്പോൾ കൂടുതൽ ശേഖരിച്ചവർക്ക് കൂടുതലോ, കുറവു ശേഖരിച്ചവർക്കു കുറവോ ഉണ്ടായിരുന്നില്ല. ഓരോരുത്തനും ശേഖരിച്ചത് അവനു ഭക്ഷിക്കാൻമാത്രമുണ്ടായിരുന്നു. മോശ അവരോടു പറഞ്ഞു: ആരും അതിൽനിന്ന് അൽപം പോലും പ്രഭാതത്തിലേക്കു നീക്കിവയ്ക്കരുത്. എന്നാൽ, അവർ മോശയെ അനുസരിച്ചില്ല. ചിലർ അതിൽ നിന്നും ഒരു ഭാഗം പ്രഭാതത്തിലേക്കു നീക്കിവച്ചു. അത് പുഴുത്തു മോശമായി. മോശ അവരോടു കോപിച്ചു. പ്രഭാതം തോറും ഓരോരുത്തരും തങ്ങൾക്കു ഭക്ഷിക്കാവുന്നിടത്തോളം ശേഖരിച്ചുകൊണ്ടിരുന്നു. ബാക്കിയുള്ളത് സൂര്യൻ ഉദിച്ചുയരുമ്പോൾ ഉരുകിപ്പോയിരുന്നു' (പുറ 16:16-21). ദൈവമാണ് എല്ലാവർക്കും ഭക്ഷണം തരുന്നതെന്ന തിരിച്ചറിവ് പ്രധാനപ്പെട്ടതാണ്. അങ്ങനെയെങ്കിൽ പന്തിയിൽ പക്ഷ

ഭേദം ദൈവം കാണിക്കില്ലെന്നതും അറിഞ്ഞിരിക്കണം.' അവരുടെ സമൃദ്ധിയിൽനിന്ന് നിങ്ങളുടെ കുറവു നികത്തപ്പെടുന്നതിന്, നിങ്ങളുടെ ഇപ്പോഴത്തെ സമൃദ്ധിയിൽ നിന്ന് അവരുടെകുറവുനികത്തണമെന്നുംഅപ്രകാരം സമത്വമുണ്ടാകണമെന്നും'(2കോറി.8:14) പൗലോസ്ലീഹാ പറയുന്നതിന്റെ അടിസ്ഥാനവും ഇതുതന്നെ. 'എഴുതപ്പെട്ടിരിക്കുന്നതുപോലെ, അധികം സമ്പാദിച്ചവന് ഒന്നും മിച്ചമുണ്ടായിരുന്നില്ല; അല്പം സമ്പാദിച്ചവനു കുറവുമുണ്ടായിരുന്നില്ല' (2 കോറി. 8 : 15).

മറ്റൊരു വസ്തുത പ്രാർത്ഥനയുടെ ആദ്യ ഭാഗം മനസ്സിലാക്കിയതുപോലെ ദൈവത്തിന് പ്രഥമസ്ഥാനം കൊടുക്കുന്നയാൾക്ക് ദൈവം കൂട്ടിച്ചേർത്ത് കൊടുക്കുന്നതാണ് ഭക്ഷണമുൾപ്പെടെ മറ്റെല്ലാ കാര്യങ്ങളും എന്നതാണ്. യേശു പറയുന്നത് 'എന്തു ഭക്ഷിക്കും എന്നു ജീവനെപ്പറ്റിയോ എന്തു ധരിക്കും എന്നു ശരീരത്തെപ്പറ്റിയോ നിങ്ങൾ ആകുലരാകേണ്ടാ(ലൂക്കാ 12 : 22), നിങ്ങൾ അവിടുത്തെ രാജ്യം അന്വേഷിക്കുവിൻ. ഇവയെല്ലാം അതോടൊപ്പം നിങ്ങൾക്കു ലഭിക്കും'(ലൂക്കാ 12:31) എന്നിങ്ങനെയാണല്ലോ. 'ദോശക്ക് ചമ്മന്തി ഫ്രീ' എന്നതുപോലെ ദൈവരാജ്യം ചോദിക്കുന്നവന് കൂടെക്കിട്ടുന്നതാണ് ബാക്കിയെല്ലാം. അദ്ധ്വാനത്തിനനുസൃതം എന്നതിനേക്കാൾ ആവശ്യത്തിനു വേണ്ടത് എന്നതാണ് ദൈവനീതി എന്നതിന്റെ ഉദാഹരണമായി മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമയെ (മത്താ 20,1-16) കാണാവുന്നതാണ്. മറ്റുള്ളവരുടെ അന്നത്തിനു വേണ്ടിക്കൂടി നാം അധ്വാനിക്കേണ്ടതുണ്ട് എന്ന പാഠം കൂടി ഈ ഉപമയിലുണ്ടെന്നതാണ് മറ്റൊരു വസ്തുത. അതായത് മറ്റുള്ളവർക്കും ഭക്ഷണം കിട്ടണമെന്ന് ആഗ്രഹിക്കുകയോ പ്രാർത്ഥിക്കുകയോ മാത്രമല്ല അതിനായി അധ്വാനിക്കാൻ കൂടി നമുക്ക് കടമയുണ്ടെന്നർത്ഥം.

ഉപ്പിലിട്ടത്

അന്നന്നു വേണ്ട ആഹാരം ഇന്ന് ഞങ്ങൾക്ക് തരണമേ എന്നത് ദൈവത്തോട് മാത്രമുള്ള പ്രാർത്ഥനയല്ല, കർഷകരോട് കൂടിയുള്ളതാണ്. ഭൂമിയിലെ മനുഷ്യന്റെ നിലനില്പിന് ദൈവം നിയോഗിച്ചിരിക്കുന്നത് കർഷകരെയാണ്.



എന്റെ പേര് എബ്രഹാം ആന്റണി. എനിക്ക് അഞ്ചു വർഷം മുമ്പ് ഒരു ദിവസം വെളുപ്പിന് നെഞ്ചിന് വേദന ഉണ്ടാകുകയും വിയർത്ത് അവശനാവുകയും ചെയ്തു. ഈ സമയം എനിക്ക് ഒന്നും ചെയ്യുവാൻ സാധിക്കുന്നില്ല. വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്നും വചനോത്സവം വരിക്കാരനാകാമെന്നും നേർന്ന് ഈശോയോട് പ്രാർത്ഥിച്ചു. തത്ക്ഷണം ഞാൻ സുഖം പ്രാപിച്ചു. പിന്നീട് ഒരിക്കലും ഈ രോഗം വന്നിട്ടില്ല. യേശുവേ, നന്ദി. യേശുവേ, സ്തുതി.

എബ്രഹാം ആന്റണി, മാരായിക്കുളം

സാക്ഷ്യങ്ങൾ അയക്കുമ്പോൾ

ഫോട്ടോ, പൂർണ്ണവിലാസം, തെളിവുകൾ, ഫോൺ നമ്പർ എന്നിവ ഉണ്ടായിരിക്കണം. പ്രസിദ്ധീകരിക്കാൻ പണമടയ്ക്കേണ്ടതില്ല. എന്നാൽ വചനോത്സവം ശുശ്രൂഷയെ സാമ്പത്തികമായി സഹായിച്ചോ, വചനോത്സവം വാങ്ങി വിതരണം ചെയ്തോ കൃതജ്ഞത അർപ്പിക്കാവുന്നതാണ്. ഇവിടെ ലഭിക്കുന്ന സാക്ഷ്യങ്ങൾ നിരവധിയാണ്, എല്ലാം പ്രസിദ്ധീകരിക്കുമെന്ന് പ്രതീക്ഷിക്കരുത്. സാക്ഷ്യം അയക്കുമ്പോൾ പ്രതിജ്ഞ നിറവേറ്റപ്പെട്ടതായി കണക്കാക്കണം.

അയയ്ക്കേണ്ട വിലാസം - എഡിറ്റർ, വചനോത്സവം, പോട്ട - 680 722, ചാലക്കുടി

ഈ മാസിക വായിച്ചതിനുശേഷം മറ്റൊരു വ്യക്തിക്കോ, കുടുംബത്തിനോ നല്കി വചനോത്സവം പ്രേഷിതരാവുക.

നെല്ലും പതിരും തിരിച്ചറിയാനാവാതെ
നവമാധ്യമ ലോകത്ത് കുടുങ്ങിപ്പോയവർക്ക് വിടുതൽ

ഇടവക നവീകരണത്തിന്
വചനോത്സവ ധ്യാനം

സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹ. 8 : 32)



നയിക്കുന്നത്



ഫാ. ജേക്കബ്
കാട്ടിപറമ്പിൽ വി സി



ഫാ. ഷിന്റോ
മംഗലത്ത് വി സി



ഫാ. ജോസഫ്
കൈപ്പടകുന്നേൽ വി സി



ഫാ. പ്രിൻസ്
മാഞ്ഞൂരാൻ വി സി

നാം ഇനിമേൽ തെറ്റിന്റെ വഞ്ചനയിൽപ്പെടുത്താൻ മനുഷ്യർ കൗശല പൂർവം നൽകുന്ന വക്രതയാർന്ന ഉപദേശങ്ങളുടെ കാറ്റിൽ ആടിയുലയുകയും തൂത്തെറിയപ്പെടുകയും ചെയ്യുന്ന ശിശുക്കളാകരുത് (എഫേസോസ് 4 : 14)

കുടുംബ ബന്ധങ്ങളെ വിമലീകരിക്കുന്ന പ്രബോധനങ്ങൾ.
പുതു തലമുറയെ ദൈവാരാധനക്കൊരുക്കുന്ന ശുശ്രൂഷകൾ.
ഇടവക സമൂഹത്തെ ആത്മാവിൽ ജ്വലിപ്പിക്കുന്ന ആരാധനകൾ

ധ്യാനം ബുക്ക് ചെയ്യാൻ : 9495148484, 7034885003

വിൻസെൻഷ്യൻ ധ്യാനകേന്ദ്രങ്ങളിലെ ശുശ്രൂഷകൾ

ഡിവൈൻ ധ്യാനകേന്ദ്രം മുരിങ്ങൂർ
ഫോൺ: 0480 2708413.2708513, 7560958453
മലയാളം ധ്യാനം എല്ലാ ഞായറാഴ്ചകളിലും
ഉച്ചയ്ക്ക് 2 മണി മുതൽ വെള്ളിയാഴ്ച രാവിലെ വരെ.

പോട്ട ആശ്രമം
ഫോൺ: 0480 2709324, 2708714, 9947853010
സെപ്റ്റംബർ 1-8 മരിയൻ കൺവെൻഷൻ
സെപ്റ്റംബർ 20-24 ആന്തരികസൗഖ്യധ്യാനം
എല്ലാ ദിവസവും ഏകദിന ധ്യാനം
രാവിലെ 9 മുതൽ ഒരുമണിവരെ

പരിത്രാണ ധ്യാനകേന്ദ്രം, അടിച്ചിറ, കോട്ടയം
ഫോൺ: 0481-2791635,9946470293
സെപ്റ്റംബർ 1 - ജെറിക്കോ പ്രാർത്ഥന,
സെപ്റ്റംബർ 4-6 മരിയൻ കൺവെൻഷൻ (9amമുതൽ1 pmവരെ)
സെപ്റ്റംബർ 18-20 ആന്തരികസൗഖ്യധ്യാനം

കൃപാലയ ധ്യാനകേന്ദ്രം,കട്ടപ്പന
ഫോൺ: 9562385575, 9745335575
എല്ലാ മാസവും ഒന്നാം ചൊവ്വാഴ്ച ജറീക്കോ പ്രാർത്ഥന
സെപ്റ്റം. 11-14 ദിവ്യകാരുണ്യാനുഭവ ജീവിതനവീകരണധ്യാനം

ജൂബിലി ധ്യാനകേന്ദ്രം, പുതുപ്പാടി, കോഴിക്കോട്
ഫോൺ: 9961805660, 9633141220
എല്ലാ ചൊവ്വാഴ്ചകളിലും 9 am മുതൽ 2 pm വരെ
കരുണാഭിഷേക ബൈബിൾ കൺവെൻഷൻ

ഡീപോൾ, ധ്യാനാലയം, മീനങ്ങാടി, വയനാട്
ഫോൺ: 7034791022, 8289909951
എല്ലാ മാസവും രണ്ടാം ശനിയുൾപ്പെടെ വെള്ളി, ശനി,
ഞായർ ആന്തരികസൗഖ്യ വിടുതൽ ശുശ്രൂഷാധ്യാനം
എല്ലാ ചൊവ്വാഴ്ചയും കരുണാഭിഷേക കൺവെൻഷൻ
(9am-2 pm)

ഡിപോൾ ധ്യാനകേന്ദ്രം നിലമ്പൂർ ഫോൺ: 9135000043
എല്ലാ വെള്ളിയാഴ്ചകളിലും വചനപ്രഘോഷണവും
സൗഖ്യാരാധനയും (9 am to 1 pm)

ഡിവൈൻ ഡി പോൾ റിട്രീറ്റ് സെന്റർ, തോട്ടകം, വൈക്കം
ഫോൺ: 9447774477
സെപ്റ്റംബർ 1-8 മരിയൻ കൺവെൻഷൻ
സെപ്റ്റംബർ 18-20 ആന്തരികസൗഖ്യധ്യാനം
ഏകദിന ധ്യാനശുശ്രൂഷ എല്ലാ വെള്ളിയാഴ്ചകളിലും(9.30 am to 2.30 pm)

ഏഫാത്താ വിൻസെൻഷ്യൻ പ്രാർത്ഥനാലയം രാമല്ലൂർ, കോതമംഗലംഫോൺ: 9074594014
ഏകദിന സായാഹ്ന ബൈബിൾ കൺവെൻഷൻ
എല്ലാ ബുധനാഴ്ചകളിലും 4 PM മുതൽ - 8 PM വരെ.
അഖണ്ഡജപമാലയും ജെറീക്കോ പ്രാർത്ഥനയും
മാസാദ്യ ബുധനാഴ്ച: 9 AM മുതൽ - 8 PM വരെ.
പകൽ ആരാധനയും നിയോഗ പ്രാർത്ഥനയും
എല്ലാ വ്യാഴാഴ്ചകളിലും 2.30 PM മുതൽ -4 PM വരെ.

SAINT VINCENT DE PAUL

Love That Serves

1 A Poor Boy Becomes a Priest

In 1581, Vincent was born to a poor farming family in France. As a boy he tended the animals — but he was bright, and became a priest at just 19.



2 Captured by Pirates

In 1605, while sailing along the coast, Vincent was seized by pirates and sold as a slave in North Africa.




3 Two Years a Slave

For two years Vincent was a slave. With patience and prayer, he gently led his master back to God — and together they escaped to freedom.




4 A Change of Heart

Back in France, Vincent heard the confession of a dying poor man. He saw how the poor were forgotten by everyone — and his heart was changed forever.



5 Priests for the Poor

In 1625 Vincent gathered priests to preach to and care for poor villagers. They became known as the Vincentians.




6 The Daughters of Charity

With Saint Louise de Marillac, Vincent founded the Daughters of Charity to nurse the sick and feed the hungry.




7 Comfort for the Forgotten

Vincent visited the galley slaves and prisoners — men chained and alone — bringing them food, kindness, and hope.




8 Father of the Poor

He rescued abandoned babies from the streets and fed thousands during war and famine. When he died in 1660, all of France called him "Father of the Poor."



9 We Can Learn From Saint Vincent de Paul...


- Serve others, especially those in need.
- See Jesus in the poor and forgotten.
- Be generous, gentle, and kind.



10 Closing

> *"Go to the poor: you will find God."*
> — Saint Vincent de Paul

Saint Vincent de Paul — a true servant of love!



FEAST DAY: SEPTEMBER 27

PATRON OF: CHARITABLE WORKS, HOSPITALS, PRISONERS

Prepared by Smartin K Cherian

ധ്യാനകേന്ദ്രങ്ങളിലെ ശുശ്രൂഷകൾ

ജോർദ്ദാനിയ ധ്യാനമന്ദിരം,നെടുപുഴ,തൃശൂർ

ഫോൺ: 9656512686, 0487 2449082

സെപ്റ്റംബർ 6-10; 20-24 ആന്തരികസൗഖ്യധ്യാനം

ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് മുളയം, തൃശൂർ

ഫോൺ: 9744442592, 9497824488

എല്ലാമാസവും ഒന്നാം തീയതി മുതൽ 9 -ാം തീയതിവരെ ലഹരി വിമോചന ക്യാമ്പ് (Family Wellness Programme)

മറിയം ത്രേസ്യ ഫാമിലി റിന്യൂവൽ സെന്റർ, കുഴിക്കാട്ടുശേരി

ഫോൺ: 0480-2787024, 9400437179, 9400437179

സെപ്റ്റംബർ 4-8 ദമ്പതിധ്യാനം; സെപ്റ്റംബർ 18-22 ദമ്പതിധ്യാനം

ഗ്രേയ്സ് ഓഫ് ഹെവൻ ധ്യാനകേന്ദ്രം, കുണ്ടുകാട്, തൃശൂർ

ഫോൺ: 8301914737, 8301914649

സെപ്റ്റംബർ 11-13 കുടുംബവിശുദ്ധീകരണധ്യാനം
ഏകദിന ബൈബിൾ കൺവെൻഷൻ (എല്ലാ ശനിയാഴ്ചകളിലും)

റോസറി ഹിൽ ആശ്രമം കൊടുങ്ങ, വെള്ളികുളങ്ങര

ഫോൺ: 9605145856, 9778323496

ആബാ- ആത്മവിശുദ്ധീകരണധ്യാനം എല്ലാ മാസവും രണ്ടാം ശനി ഉൾപ്പെടുന്ന വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ

ആത്മജ്യോതി റിട്രീറ്റ് സെന്റർ, പട്ടിക്കാട് തൃശൂർ ഫോൺ: 9447290177

സെപ്റ്റംബർ 11-13 ആന്തരികസൗഖ്യധ്യാനം

ഗുഡ് ഷേപ്പേർഡ് ധ്യാനകേന്ദ്രം, വടക്കാഞ്ചേരി റോഡ്, കുന്നംകുളംഫോൺ: 7025777272

സെപ്റ്റംബർ 23-26 ആത്മാഭിഷേക വിടുതൽ ധ്യാനം

സെന്റ് നോർബർട്ട് ധ്യാനകേന്ദ്രം,കല്ലംകുളം, പഴയന്നൂർ

ഫോൺ: 9834957054, 7378801607

എല്ലാമാസവും രണ്ടാം വെള്ളിയാഴ്ച 4 pm മുതൽ ഞായറാഴ്ച വൈകുന്നേരം 4.30 pm വരെ ജീവിതവിശുദ്ധീകരണധ്യാനം; മംഗളവാർത്ത ധ്യാനടീമിന്റെ ആന്തരീകസൗഖ്യ ധ്യാനം - എല്ലാ മാസവും മൂന്നാം വെള്ളി 4 pm മുതൽ ഞായറാഴ്ച വൈകുന്നേരം 4.30 pm വരെ (Phone 9388552935, 8907711410)

സെന്റ് മേരീസ് ധ്യാനകേന്ദ്രം, പഴുവിൽ

ഫോൺ: 988289808506, 9746271942

ആബാ ധ്യാനകേന്ദ്രം, ചേറൂർ, തൃശൂർ അതിരൂപത

ഫോൺ: 9544408833

അസ്സീസി ധ്യാനമന്ദിരം ഭരണങ്ങാനം

ഫോൺ: 04822238335, 8330884331

സെപ്റ്റംബർ 3-7 പരിശുദ്ധാത്മാഭിഷേകധ്യാനം
സെപ്റ്റംബർ 18-22 ആന്തരികസൗഖ്യധ്യാനം
സെപ്റ്റംബർ 24-28 വിശ്വാസവളർച്ചാധ്യാനം

എസ്.വി..ഡി. പ്രാർത്ഥനാനികേതൻ, കടുത്തുരുത്തി, കോട്ടയം ഫോൺ: 8594082294, 04829282294

സെപ്റ്റംബർ 19-22 ആന്തരികസൗഖ്യധ്യാനം
സെപ്റ്റംബർ 25-27 ദാമ്പത്യസ്നേഹനുഭവധ്യാനം

എമ്മാവൂസ് ധ്യാനകേന്ദ്രം, മല്ലപ്പള്ളി ഫോൺ: 9496710479

എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച മുതൽ ചൊവ്വാഴ്ചവരെ ദിവ്യകാരുണ്യാനുഭവധ്യാനം
സെപ്റ്റംബർ 18-22 വി.കുർബാനഅനുഭവധ്യാനം

ഗുഡ്ന്യൂസ് ധ്യാനകേന്ദ്രം, പാമ്പാടി, കോട്ടയം

ഫോൺ: 9400294288, 9497870120

സെന്റ് മേരീസ് ധ്യാനകേന്ദ്രം, ചാത്തങ്കോട്ട് നട, കുറ്റ്യാടി

ഫോൺ: 8921219668

സെപ്റ്റംബർ 20-24 ദിവ്യകാരുണ്യ ആന്തരീകസൗഖ്യഅഭിഷേകധ്യാനം

ഡിവൈൻ മേഴ്സി ധ്യാനകേന്ദ്രം, കുടക്കച്ചിറ

ഫോൺ: 0482 2241214, 7479180110

സെപ്റ്റംബർ 12 ഏകദിന വിടുതൽ ധ്യാനം
സെപ്റ്റംബർ 25-27 തിരുരക്താഭിഷേകധ്യാനം

മോറിയ റിന്യൂവൽ സെന്റർ വെൻമണി

ഫോൺ: 8301072475, 8281676759

എല്ലാ ശനിയാഴ്ചകളിലും 9 മുതൽ 1.30 pm വരെ ധ്യാനം

നസ്രത്ത് കുടുംബധ്യാനകേന്ദ്രം കറുകുറ്റി

ഫോൺ: 9037344994, 8943273027

സെപ്റ്റംബർ 10-13 കുടുംബധ്യാനം
സെപ്റ്റംബർ 24-27 കുടുംബധ്യാനം

പാക്സ് സെന്റർ, ആലുവ

ഫോൺ: 7592031825, 0484 2624081

ദർശന റിട്രീറ്റ് സെന്ററർ, ഇല്ലിത്തോട്, മലയാറ്റൂർ

ഫോൺ: 9961700996, 9605778215, 0484 2468333

ചിറ്റൂർ ധ്യാനകേന്ദ്രം, എറണാകുളം

ഫോൺ: 9446040508, 8606740508

സെപ്റ്റംബർ 18-22 യുവജനധ്യാനം - എബൈഡ്
സെപ്റ്റംബർ 4-9; 11-16; 18-23 ആന്തരികസൗഖ്യധ്യാനം
സെപ്റ്റംബർ 25-28 ആത്മാഭിഷേകധ്യാനം

ചാവറ ധ്യാനകേന്ദ്രം, പരപ്പ് , കട്ടപ്പന

ഫോൺ: 9497321466, 9744933997

എല്ലാ മാസവും ആദ്യ വെള്ളി 5 pm -ചൊവ്വ 10 pm വരെ

താബോർ ധ്യാകേന്ദ്രം, ഏഴുമുട്ടം

ഫോൺ: 9447824554, 04862262167

സെപ്റ്റംബർ 6-11 ആന്തരികസൗഖ്യധ്യാനം
സെപ്റ്റംബർ 20-25 ആന്തരികസൗഖ്യധ്യാനം

ഇമ്മാനുവേൽ ധ്യാനകേന്ദ്രം. കാഞ്ഞിരിപ്പള്ളി രൂപത

ഫോൺ: 9605437377, 9037209199

ലഹരി വിമോചന കുടുംബനവീകരണധ്യാനം
എല്ലാ മാസവും 10 മുതൽ 17 വരെ.

വിമലഹൃദയ ധ്യാനകേന്ദ്രം, കമ്പിവിള, കൊട്ടിയം

ഫോൺ: 9947634071, 9400767199

കുട്ടികൾക്കുള്ള കൂട്ടായ്മ : രണ്ടാം ശനി 9.30 മുതൽ 2 മണി വരെ
ഏകദിന ധ്യാനം : എല്ലാ മൂന്നാം ശനി

സീനായ് ധ്യാനകേന്ദ്രം, മുണ്ടൂർ, പാലക്കാട്

ഫോൺ: 8547393133, 8593990133

വിമലഗിരി കപ്പൂച്ചിൻ ധ്യനകേന്ദ്രം പട്ടാരം, കണ്ണൂർ

ഫോൺ: 9745017131

സെപ്റ്റംബർ 5-8 ആന്തരികസൗഖ്യധ്യാനം
സെപ്റ്റംബർ 19-22 ആന്തരികസൗഖ്യധ്യാനം

ഗദ്സെമൻ റിട്രീറ്റ് സെന്റർ, കോഴിക്കോട്

ഫോൺ: 8921285127,9037735394

സെപ്റ്റംബർ 10-13; 24-27 ആന്തരികസൗഖ്യധ്യാനം
സെപ്റ്റംബർ 17-20 വരദാനപരിശീലനധ്യാനം

ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകൾ പ്രസിദ്ധീകരിക്കാൻ ബന്ധപ്പെടുക : Ph: 9496862640, 0480-2708314, 9447696622
NB: ഒരു മാസം മുൻകൂട്ടി അറിയിക്കുന്ന തിയ്യതികളെ പ്രസിദ്ധീകരിക്കാൻ സാധിക്കൂ

കൊട്ടിക്കലാശം

രണ്ടാം ലോകമഹായുദ്ധകാലത്ത് ജർമ്മനിയിൽ സംഭവിച്ചതാണ്. ഒരു നിരീശ്വരൻ തന്റെ ഭാര്യയുടെ പ്രസവസമയമടുത്തതിനാൽ അകപ്പെട്ട പ്രതിസന്ധിയാണ് വിഷയം. ഭാര്യ വേദനകൊണ്ട് വല്ലാതെ പുളയുന്നു, പ്രസവം സാധ്യമാകുന്നുമില്ല, അത്യാവശ്യമായി ആശുപത്രിയിൽ എത്തിക്കേണ്ട സാഹചര്യം. യുദ്ധാന്തരീക്ഷമാകയാൽ യാത്രാസൗകര്യങ്ങളില്ല, എല്ലാം താറുമാറായിരിക്കുന്നു. അടുത്തൊരാശുപത്രിയുണ്ട്, പക്ഷേ അവിടെ പോകാൻ അയാളുടെ നിലപാട് അനുവദിക്കുന്നില്ല. അടുത്തുള്ള ആശുപത്രി കന്യാസ്ത്രീകൾ നടത്തുന്നതാണ്, ഇയാളാകട്ടെ അതിനെതിരെ നിരന്തരം അപകീർത്തികരമായി സംസാരിക്കാറുള്ളതാണ്. നിരീശ്വര പ്രചരണത്തിന്റെ ഭാഗമായി പലപ്പോഴും ഈ ആശുപത്രിയുടെ മുന്നിൽ ആളുകളെ കൂട്ടി പ്രസംഗിക്കുകയും, അതിന്റെ നടത്തിപ്പിനെയും കന്യാസ്ത്രീകളുടെ വിശ്വാസത്തേയും അവഹേളിക്കുകയും ചെയ്യുന്ന പതിവ് അയാൾക്കുണ്ട്. അതിനാൽ അവിടെ പോകാൻ അയാൾക്ക് മടിയാണ്.

പക്ഷേ സാഹചര്യം ഗുരുതരമാണ് ആശുപത്രിയിൽ പോകാതെ തരമില്ല. ഭാര്യയുടെ നിർബന്ധത്തിന് വഴങ്ങി അയാൾ അടുത്തുള്ള ആശുപത്രിയിൽ അവളെ എത്തിച്ചു. കന്യാസ്ത്രീകൾ വളരെ ആദരവോടെ അവരെ സ്വീകരിക്കുകയും ഉടനടി ശുശ്രൂഷകളിലേക്ക് പ്രവേശിക്കുകയും ചെയ്തു. ഭാര്യയെ പ്രവേശിപ്പിച്ച മുറിയിൽ കടന്ന അയാൾ ഒരു കാര്യം കണ്ട് വല്ലാതെ ക്ഷുഭിതനായി. അത് മറ്റൊന്നുമല്ല. ആ മുറിയുടെ ഭിത്തിയിൽ തൂക്കിയിരിക്കുന്ന ക്രൂശിതരൂപമായിരുന്നു. അയാൾ അലറിക്കൊണ്ടെന്നവിധം നേഴ്സിനോട് പറഞ്ഞു എനിക്ക് വേറൊരു മുറി തരണം. അവർ പറഞ്ഞു, ഇവിടെ എല്ലാ മുറികളിലും ക്രൂശിതരൂപം ഉണ്ട് അതുകൊണ്ട് മുറി മാറിയിട്ട് കാര്യമില്ല. എങ്കിൽ ഈ വൃത്തികെട്ട രൂപം മാറ്റിത്തരണമെന്നായി അയാൾ. അയാളുടെ ശാഠ്യത്തിന് കാരണമായി പറഞ്ഞത് ഈ ശരീരമാസകലം മുറിവേറ്റ രക്തം ഒഴുകുന്ന പേടിപ്പെടുത്തുന്ന രൂപമാണ് എന്റെ കുഞ്ഞ് ആദ്യമായി കണ്ണുതുറക്കുമ്പോൾ കാണുന്നതെങ്കിൽ ആ കുഞ്ഞിന്റെ മനസ്സിനെ അത് ബാധിക്കും, പല മാനസിക വൈകല്യങ്ങൾക്കും അത് കാരണമാകും എന്നാണ്.

രണ്ട് ജീവനുകൾ വച്ചാണ് കളിക്കുന്നത്. തർക്കിച്ചു നിൽക്കാൻ സമയമില്ല, കന്യാസ്ത്രീകൾ അയാളുടെ വാശിക്കു കീഴടങ്ങി കുരിശുരൂപം മാറ്റിക്കൊടുത്തു. അയാൾ അഭിമാനബോധത്തോടെ മുറിക്കുപുറത്ത് കാത്തുനിന്നു. തെല്ലു സമയം കഴിഞ്ഞപ്പോൾ ഒരു നേഴ്സ് കുഞ്ഞിനെ കൈയിലേന്തി അയാൾക്കു മുന്നിൽ വന്നുനിന്നു. കുഞ്ഞിനെ കൈമാറിക്കൊണ്ട് നേഴ്സ് പറഞ്ഞു; കുരിശ് മാറ്റിയില്ലെങ്കിലും കുഞ്ഞ് അത് കാണുമായിരുന്നില്ല, കാഴ്ചയില്ലാതെയാണ് ജനിച്ചത്.

കുഞ്ഞിന് കാഴ്ച കൊടുക്കുന്നവനാണ് ഭിത്തിയിൽ തൂങ്ങിക്കിടക്കുന്നവനെന്നയാൾക്കറിയില്ലായിരുന്നു. കുരിശൊഴിവാക്കുന്ന ചിന്തകൾ നിരീശ്വരമാണ്. കുരിശൊഴിവാക്കിയല്ല രക്ഷപ്പെടേണ്ടത് ചേർത്തുപിടിച്ചാണ്. അനുദിനജീവിതക്ലേശങ്ങളും അങ്ങനെതന്നെ. വചനോത്സവം ഒരു കുരിശായിക്കണ്ട് ഒഴിവാക്കരുതേ, വരാനിരിക്കുന്ന ഏതോ അനർത്ഥം ഒഴിവാക്കാൻ ദൈവം കൊടുത്തയയ്ക്കുന്നതാണെങ്കിലോ?

നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും
സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോസ് 16:15)

സുവിശേഷപ്രചരണത്തിൽ ഞങ്ങളോടൊപ്പം നിങ്ങൾക്കും പങ്കാളികളാകാം

1. വചനോത്സവം വായിച്ചശേഷം മറ്റുള്ളവർക്ക് കൊടുത്തുകൊണ്ട്

2. മറ്റുള്ളവരുടെ വിലാസത്തിൽ വചനോത്സവം അയച്ചു കൊടുത്തുകൊണ്ട്

3. കൂടുതൽ വചനോത്സവം വാങ്ങി വിതരണം ചെയ്തുകൊണ്ട്

4. ആശുപത്രികൾ മിഷൻ മേഖലകൾ ലൈബ്രറികൾ തെരുവോരങ്ങൾ എന്നിവിടങ്ങളിൽ വചനോത്സവം വിതരണം ചെയ്യാൻ സാമ്പത്തികമായി സഹായിച്ചുകൊണ്ട്

5. വചനോത്സവം YouTube ചാനൽ Subscribe ചെയ്തും അതിലെ വീഡിയോകൾ ഷെയർ ചെയ്തും



തുടരും

അക്കൗണ്ട് വിവരങ്ങൾ

Name : Vachanolsavam
Number : 0012053000006879
IFSC : SIBL0000012
Bank : South Indian Bank
Branch : Chalakudy

പണമടച്ച ശേഷം എന്തിനുള്ളതെന്ന് വ്യക്തമാക്കി 9447696622 എന്ന നമ്പറിലേക്ക് സന്ദേശമയക്കുക

വിലാസം:
Manager
Vachanolsavam
Potta - 680 722
Chalakudy, Thrissur Dt.,
Kerala

Printed and Published by Fr.Georgekutty Thayyanattuvely on behalf of Fr. Michael Panachickel V.C. and Printed at Divine Printers and Publishers Muringoor P.O, Chalakudy 680 309 and Published from Vincentian Trust of Vachanolsavam
Edappally, Cochin 682 024. Editor Fr. Joseph Edattu.

VACHANOLSAVAM
LANGUAGE: MALAYALAM MONTHLY POSTAL
REGISTERED. NO. KL/EKM/212/2024-26

R.N.I. No. 44576/1986/ UNDER GOVT. OF INDIA, VOL- 41 /
ISSUE - 348 / SEPTEMBER 2026 / PAGES 36 / Price ₹12.00
(Date of Publication 18-08-2026)



മധ്യസ്ഥപ്രാർത്ഥന

നിങ്ങളുടെ നിയോഗങ്ങൾക്കായി ഞങ്ങൾ പ്രാർത്ഥിക്കാം
ദിവ്യകാരുണ്യസന്നിധിയിൽ നിയോഗങ്ങൾ എഴുതിവച്ചും
പരിശുദ്ധ കുർബാന അർപ്പിച്ചും ജപമാലചൊല്ലിയും പ്രാർത്ഥിക്കുന്നു.
നിയോഗങ്ങൾ അറിയിക്കേണ്ട നമ്പർ 9447696622
ലഭിച്ച അനുഗ്രഹങ്ങൾ ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താവുന്നതാണ്.

വചനോത്സവം തപാലിൽ ലഭിക്കാൻ

QR code സ്കാൻ ചെയ്ത് 140 രൂപ അടച്ച് സ്ക്രീൻ ഷോട്ടും അഡ്രസ്സും 9447696622 എന്ന നമ്പറിലേക്ക് അയച്ചാൽ വചനോത്സവം ഒരു വർഷം തപാലിൽ ലഭിക്കും.